Published on 04.08.17.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 79

# 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 79

# 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ

1032/2017A.

# 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ

സംസ്ഥാനത്തെ അംഗീകൃത ചികിത്സാ സമ്പ്രദായങ്ങളിൽ സേവനങ്ങൾ പ്രദാനം ചെയ്യുന്ന ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണത്തിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ക്ലിനിക്കൽ സ്ഥാപനങ്ങൾ നൽകാവുന്ന സൗകര്യങ്ങളുടെയും സേവനങ്ങളുടെയും ഏറ്റവും കുറഞ്ഞ നിലവാരം നിർണ്ണയിക്കുകയെന്ന ലക്ഷ്യത്തോടുകൂടി അവയുടെ രജിസ്ട്രേഷനും നിയന്ത്രണവും സംബന്ധിച്ച് വ്യവസ്ഥചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയെട്ടാം സംവത്സരത്തിൽ ഇനി പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

### അദ്ധ്യായം 1

### പ്രാരംഭികം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത്, ഗസറ്റ് വിജ്ഞാപനം വഴി സർക്കാർ നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതും വ്യത്യസ്ത അംഗീകൃത ചികിത്സാ സമ്പ്രദായങ്ങൾക്കു വേണ്ടി വ്യത്യസ്ത തീയതികൾ നിശ്ചയിക്കാവുന്നതുമാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അപ്പലേറ്റ് അതോറിറ്റി" എന്നാൽ 36-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട അപ്പലേറ്റ് അതോറിറ്റി എന്നർത്ഥമാകുന്നു;

(ബി) "അതോറിറ്റി" എന്നാൽ 17-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റി എന്നർത്ഥമാകുന്നു;

(സി) "ക്ലിനിക്കൽ സ്ഥാപനം" എന്നാൽ,—

(i) ഏതെങ്കിലും ആളോ ആളുകളുടെ നികായമോ, ഏകാംഗീകൃതമോ അല്ലാത്തതോ, സ്ഥാപിച്ചതും നടത്തുന്നതും പരിപാലിക്കുന്നതും, ഏതെങ്കിലും അംഗീകൃത ചികിത്സാ സമ്പ്രദായത്തിൽ കിടക്കകളോടു കൂടിയതോ അല്ലാത്തതോ ആയ സൗകര്യങ്ങളോടു കൂടിയ, രോഗം, പരിക്ക്, വൈകല്യം, അസ്വാഭാവികത്വം, ദന്തസംരക്ഷണം, ഗർഭം എന്നിവയിൽ ചികിത്സ, രോഗനിർണ്ണയം അല്ലെങ്കിൽ പരിചരണം ആവശ്യമായി വരുന്നവയിൽ സേവനങ്ങൾ നൽകുന്നതുമായ, ഒരു ആശുപത്രി, മെറ്റേണിറ്റി ഹോം, നേഴ്സിംഗ് ഹോം, ഡിസ്പെൻസറി, ക്ലിനിക്ക്, സാനട്ടോറിയം അല്ലെങ്കിൽ ഏതു പേരിൽ വിളിക്കപ്പെടുന്നതുമായ ഒരു സ്ഥാപനം; അല്ലെങ്കിൽ

(ii) ഏതെങ്കിലും ആളോ ആളുകളുടെ നികായമോ, ഏകാംഗീകൃതമോ അല്ലാത്തതോ സ്ഥാപിച്ചതും നടത്തുന്നതും അല്ലെങ്കിൽ പരിപാലിക്കുന്നതുമായ ലബോറട്ടറിയുടെ അല്ലെങ്കിൽ മറ്റ് മെഡിക്കൽ ഉപകരണങ്ങളുടെ സഹായത്താൽ രോഗനിർണ്ണയവുമായോ ചികിത്സയുമായോ ബന്ധപ്പെട്ട് പതോളജിപരമായതോ ബാക്റ്റീരിയ പഠനപരമായതോ ജനിതകപരമായതോ റേഡിയോളജിപരമായതോ രാസപരമായതോ ജീവശാസ്ത്രപരമായതോ ആയ സൂക്ഷ്മ പരിശോധനകളും അല്ലെങ്കിൽ മറ്റു രോഗ നിർണ്ണയപരമായതോ അന്വേഷണപരമായതോ ആയ സേവനങ്ങൾ സാധാരണയായി നടത്തുന്ന (i)-ാം ഉപഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട ഒരു സ്വതന്ത്രമായ എന്റിറ്റിയായി അല്ലെങ്കിൽ ഒരു സ്ഥാപനത്തിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ട ഒരു സ്ഥലം എന്നർത്ഥമാകുന്നതും അതിൽ,—

(എ) സർക്കാരിന്റെ അല്ലെങ്കിൽ സർക്കാരിന്റെ ഒരു വകുപ്പിന്റെ;

(ബി) ഒരു പൊതു അല്ലെങ്കിൽ സ്വകാര്യ ട്രസ്റ്റിന്റെ;

(സി) വ്യക്തിഗത സ്ഥാപനം അല്ലെങ്കിൽ പങ്കാളിത്ത സ്ഥാപനം;

അല്ലെങ്കിൽ

(ഡി) സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതോ അല്ലാത്തതോ ആയ ഒരു കോർപ്പറേഷൻ (1969-ലെ കേരള സഹകരണ സംഘ ആക്റ്റിൻ (1969-ലെ 21) കീഴിൽ രജിസ്റ്റർ ചെയ്ത ഒരു സഹകരണ സംഘവും 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്ര ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റിൻ (1955-ലെ 12) കീഴിലോ 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്റ്റിൻ (1860-ലെ 21-ാം കേന്ദ്ര ആക്റ്റ്) കീഴിലോ രജിസ്റ്റർ ചെയ്ത ഒരു ചാരിറ്റബിൾ സൊസൈറ്റിയും ഉൾപ്പെടെ);

(ഇ) ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം.

ഉടമസ്ഥതയിലും നിയന്ത്രണത്തിലും നടത്തിപ്പിലുമുള്ള ഒരു ക്ലിനിക്കൽ സ്ഥാപനം എന്നിവ ഉൾപ്പെടുന്നതും, എന്നാൽ, അതിൽ സായുധസേനകളുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും നടത്തിപ്പിലുമുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾ ഉൾപ്പെടുന്ന തല്ലാത്തതുമാകുന്നു;—

<u>വിശദീകരണം</u>:—ഈ ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്കായി "സായുധ സേനകൾ" എന്നാൽ 1950-ലെ ആർമി ആക്റ്റിനും (1950-ലെ 46-ാം കേന്ദ്ര ആക്റ്റ്), 1950-ലെ എയർഫോഴ്സ് ആക്റ്റിനും (1950-ലെ 45-ാം കേന്ദ്ര ആക്റ്റ്), 1957-ലെ നേവി ആക്റ്റിനും (1957-ലെ 62-ാം കേന്ദ്ര ആക്റ്റ്) കീഴി ൽ രൂപീകരിച്ചിട്ടുള്ള സേനകൾ എന്നർത്ഥമാകുന്നു;

(ഡി) "കൗൺസിൽ " എന്നാൽ 3-ാം വകുപ്പ് പ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് വേണ്ടി സ്ഥാപിക്കപ്പെട്ട സംസ്ഥാന കൗൺസിൽ എന്നർത്ഥമാകുന്നു;

(ഇ) "അടിയന്തിര മെഡിക്കൽ അവസ്ഥ" എന്നാൽ പെട്ടെന്നുള്ള മെഡിക്കൽ ശ്രദ്ധയുടെ അഭാവത്തിൽ,—

(i) വ്യക്തിയുടെ ആരോഗ്യത്തെ അല്ലെങ്കിൽ ഗർഭിണിയായ ഒരു സ്ത്രീയെ സംബന്ധിച്ച് ആ സ്ത്രീയുടെയോ അവളുടെ ഗർഭസ്ഥശിശുവിന്റെയോ ആരോഗ്യത്തെ ഗുരുതരമായ അപകടസ്ഥിതിയിലാക്കുകയോ;

(ii) ശാരീരിക പ്രവർത്തനങ്ങൾക്ക് ഗുരുതരമായ ദോഷം വരുത്തുകയോ;

(iii) ഏതെങ്കിലും അവയവമോ ഒരു ശരീരഭാഗമോ ഗുരുതരമായി പ്രവർത്തന ക്ഷമമല്ലാതാകുകയോ; ചെയ്യുന്നതിന് മതിയാകുന്ന, കാഠിന്യമേറിയ (കഠിനമായ വേദന ഉൾപ്പെടെ) സ്വഭാവത്തോടുകൂടിയ തീവ്രമായ ലക്ഷണങ്ങൾ സ്വയം പ്രകടിപ്പിക്കുന്ന ഒരു മെഡിക്കൽ അവസ്ഥ എന്നർത്ഥമാകുന്നു;

(എഫ്) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ജി) "തദ്ദേശ സ്വയംഭരണ സ്ഥാപനം" എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 4-ാം വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തോ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 4-ാം വകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട ഒരു മുനിസിപ്പാലിറ്റിയോ എന്നർത്ഥമാകുന്നു;

(എച്ച്) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഐ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ജെ) "അംഗീകൃത ചികിത്സാ സമ്പ്രദായം" എന്നാൽ അലോപ്പതി, നാച്ചുറോപ്പതി, ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി ചികിത്സാ സമ്പ്രദായങ്ങളും അല്ലെങ്കിൽ സർക്കാരിനാൽ അംഗീകരിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റേതെങ്കിലും ചികിത്സാ സമ്പ്രദായവും എന്നർത്ഥമാകുന്നു;

(കെ) "രജിസ്റ്റർ" എന്നാൽ അതോറിറ്റി വച്ചുപോരുന്നതും രജിസ്റ്റർ ചെയ്യപ്പെട്ട ക്ലിനിക്കൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയതും ഈ ആക്റ്റിന്റെ 15-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം വച്ചുപോരുന്നതും പ്രസിദ്ധപ്പെടുത്തിയതുമായ സംസ്ഥാന രജിസ്റ്റർ എന്നർത്ഥമാകുന്നു;

(എൽ) "രജിസ്ട്രേഷൻ" എന്നാൽ 19-ാം വകുപ്പുപ്രകാരം രജിസ്റ്റർ ചെയ്യുക എന്നർത്ഥമാകുന്നതും രജിസ്ട്രേഷൻ അല്ലെങ്കിൽ രജിസ്റ്റർ ചെയ്ത എന്നീ പദപ്രയോഗങ്ങൾക്ക് അതനുസരിച്ച് അർത്ഥം കല്പിക്കേണ്ടതുമാണ്;

(എം) "നിലവാരം" എന്നാൽ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനു വേണ്ടി 16-ാം വകുപ്പ് പ്രകാരം സർക്കാർ നിർണ്ണയിച്ചേക്കാവുന്ന നിലവാരം എന്നർത്ഥമാകുന്നു;

(എൻ) "സ്ഥിരത വരുത്തുക" എന്നാൽ, അതിന്റെ വ്യാകരണപരമായ വ്യത്യാസങ്ങളോടും സജാതീയപദങ്ങളോടും കൂടി (ഡി) ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ഒരു അടിയന്തര മെഡിക്കൽ സാഹചര്യത്തെ സംബന്ധിച്ച്, വ്യക്തിയെ ഒരു ക്ലിനിക്കൽ സ്ഥാപനത്തിൽ നിന്നും മാറ്റുന്ന വേളയിൽ, നിലവിലുള്ള സ്ഥിതി ഗുരുതരമായി മാറാവുന്ന യാതൊന്നും അതുമൂലം സംഭവിക്കുവാനോ ഉണ്ടാകുവാനോ സാദ്ധ്യതയില്ലായെന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ, അവസ്ഥയ്ക്കനുസൃതമായ അങ്ങനെയുള്ള മെഡിക്കൽ ചികിത്സ, ന്യായമായ മെഡിക്കൽ സാധ്യതയ്ക്കുള്ളിൽ നൽകൽ എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## ക്ലിനിക്കൽ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സംസ്ഥാന കൗൺസിൽ

3. സംസ്ഥാന കൗൺസിൽ സ്ഥാപിക്കൽ.—(1) സർക്കാർ, വിജ്ഞാപനം വഴി, ഇതിലേക്കായി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യത്തോടെ, ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ക്ലിനിക്കൽ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള സംസ്ഥാന കൗൺസിൽ എന്ന് വിളിക്കപ്പെടുന്ന ഒരു കൗൺസിൽ സ്ഥാപിക്കേണ്ടതാണ്.

(2) കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഗവൺമെന്റ് സെക്രട്ടറി, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്, എക്സ്-ഒഫീഷ്യോ, അദ്ദേഹം ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്;

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടർ, എക്സ്-ഒഫീഷ്യോ;

(സി) ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡയറക്ടർ, എക്സ്-ഒഫീഷ്യോ;

(ഡി) ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ, എക്സ്-ഒഫീഷ്യോ;

(ഇ) പബ്ലിക് ഹെൽത്ത് ലബോറട്ടറി ഡയറക്ടർ, എക്സ്-ഒഫീഷ്യോ;

(എഫ്) 1953-ലെ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്റ്റിന്റെ (1953-ലെ IX) വ്യവസ്ഥകൾക്കു കീഴിൽ രൂപീകരിക്കപ്പെട്ട,—

(i) മോഡേൺ മെഡിസിൻ കൗൺസിലും;

(ii) ഇൻഡിജീനസ് മെഡിസിൻ കൗൺസിലും;

(iii) ഹോമിയോപ്പതി കൗൺസിലും,

നാമനിർദ്ദേശം ചെയ്യുന്ന ഓരോ പ്രതിനിധി വീതം ;

(ജി) (i) 1948-ലെ ഡെന്റിസ്റ്റ്സ് ആക്റ്റിന്റെ (1948-ലെ 15-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പു പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള ഡെന്റൽ കൗൺസിലും;

(ii) 1953-ലെ കേരള നഴ്സസ് ആന്റ് മിഡ് വൈവ്സ് ആക്റ്റിന്റെ (1953-ലെ 10) 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള നഴ്സിംഗ് കൗൺസിലും, നാമനിർദ്ദേശം ചെയ്യുന്ന ഓരോ പ്രതിനിധി വീതം;

(എച്ച്) സംസ്ഥാനത്തെ രോഗികളുടെ ക്ഷേമ സംഘടനകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ഒരു പ്രതിനിധി;

(ഐ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, നിയമവകുപ്പിലെ ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(ജെ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ധനകാര്യവകുപ്പിലെ ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(കെ) ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ കേരളാ യൂണിറ്റിന്റെ ഒരു പ്രതിനിധി;

(എൽ) ഇന്ത്യൻ ആയുർവ്വേദ മെഡിക്കൽ അസോസിയേഷന്റെ ഒരു പ്രതിനിധി;

(എം) കൗൺസിലിന്റെ സെക്രട്ടറി.

4. കൗൺസിലിന്റെ ചുമതലകൾ.—(1) കൗൺസിൽ താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(എ) ഈ ആക്റ്റിന്റെ പ്രാരംഭം മുതൽ രണ്ട് വർഷത്തിനകം, ക്ലിനിക്കൽ സ്ഥാപനങ്ങൾ മുഖേന ശരിയായ ആരോഗ്യ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനുള്ള നിലവാരം നിശ്ചയിക്കുക;

(ബി) ക്ലിനിക്കൽ സ്ഥാപനങ്ങളെ ഇനം തിരിക്കുകയും തരം തിരിക്കുകയും ഓരോ വിഭാഗത്തിനും വേണ്ട ഏറ്റവും കുറഞ്ഞ നിലവാരം നിശ്ചയിക്കുകയും അതിന്റെ അംഗീകാരത്തിനും വിജ്ഞാപനത്തിനുമായി സർക്കാരിനോട് ശിപാർശ ചെയ്യുകയും;

(സി) നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ഒരു സംസ്ഥാന രജിസ്റ്റർ തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക;

(ഡി) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങളുടെ പരിശോധനയ്ക്കും വിലയിരുത്തലിനുമായി അസ്സസ്സർമാരുടെ പാനലിനെ നിയമിക്കുക;

(ഇ) ക്ലിനിക്കൽ സ്ഥാപനങ്ങൾ നിലനിർത്തിപ്പോരേണ്ടതായ നിലവാരം ഉറപ്പുവരുത്തുന്നതിനായി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആനുകാലിക പരിശോധന നടത്തുക;

(എഫ്) സാങ്കേതിക വിദ്യയിലോ സാമൂഹ്യ വ്യവസ്ഥകളിലോ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസൃതമായി ചട്ടങ്ങളിൽ ആവശ്യമായി വരുന്ന ഏതെങ്കിലും ഭേദഗതിക്കായി സർക്കാരിനോട് ശിപാർശ ചെയ്യുക;

(ജി) ക്ലിനിക്കൽ സ്ഥാപനങ്ങൾ നിർബന്ധമായും ലഭ്യമാക്കേണ്ടതായ ഡാറ്റയും വിവരങ്ങളും, അതിന്റെ കാലികാവസ്ഥ ഉൾപ്പെടെ, വിജ്ഞാപനം ചെയ്യുക; നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ഡാറ്റാ വിശകലനം ചെയ്യുകയും അതിന്റെ ഫലം പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക;

(എച്ച്) ഭാരത സർക്കാരോ, 2010-ലെ ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്റ്റർ ചെയ്യലും നിയന്ത്രണവും) ആക്റ്റിൻ (2010-ലെ 23-ാം കേന്ദ്ര ആക്റ്റ്) കീഴിൽ രൂപീകരിക്കപ്പെട്ട ദേശീയ കൗൺസിലോ ആവശ്യപ്പെടുന്ന പ്രകാരം ദേശീയ രജിസ്റ്റർ നാളിതുവരെയായി പുതുക്കുന്നതിനുള്ള ആനുകാലിക റിട്ടേണുകൾ അയച്ചുകൊടുക്കുക;

(ഐ) പൊതുജനാരോഗ്യത്തിനും രോഗികളുടെയും ജീവനക്കാരുടെയും ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ആസന്ന വിപത്തിനുള്ള സാധ്യതയുണ്ടെന്ന് കരുതുന്ന അങ്ങനെയുള്ള ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിന് നിർദ്ദേശിക്കുക;

(ജെ) സർക്കാർ അതതുസമയങ്ങളിൽ അതിന് ഏൽപ്പിച്ചു കൊടുക്കുന്ന അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുക.

(2) കൗൺസിലിന് അതതുസമയങ്ങളിൽ അതിന് യുക്തമെന്ന് തോന്നുന്ന നിരക്കിൽ രജിസ്ട്രേഷൻ ഫീസും മറ്റ് ഫീസുകളും നിർണ്ണയിക്കാവുന്നതാണ്.

(3) ഒരു സ്ഥാപനം ക്ലിനിക്കൽ സ്ഥാപനമാണോ അല്ലയോ എന്നതു സംബന്ധിച്ച ഏതൊരു തർക്കവും സംസ്ഥാന കൗൺസിലിലേക്ക് റഫർ ചെയ്യേണ്ടതും, സംസ്ഥാന കൗൺസിൽ, തത്പരകക്ഷികൾക്ക് തെളിവ് ഹാജരാക്കുന്നതിനും പറയുവാനുള്ളത് പറയുവാനും ഉള്ള ഒരവസരം നൽകിയതിനു ശേഷം, അങ്ങനെയുള്ള തർക്കങ്ങൾ തീർപ്പാക്കേണ്ടതുമാണ്.

5. <u>കൗൺസിലിന്റെ സെക്രട്ടറിയും മറ്റ് ജീവനക്കാരും</u>.—(1) ഹെൽത്ത് സർവ്വീസസ് ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ കൗൺസിലിന്റെ സെക്രട്ടറിയായി സർക്കാർ നിയമിക്കേണ്ടതാണ്.

(2) കൗൺസിലിന്, സർക്കാരിന്റെ അനുമതിയോടുകൂടി, അതിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ അങ്ങനെയുള്ള ജീവനക്കാരെ നിയമിക്കാവുന്നതാണ്.

(3) കൗൺസിലിന്, ആക്റ്റിൻ കീഴിലുള്ള ഏതെങ്കിലും പ്രത്യേക കാര്യമോ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് കാര്യങ്ങളോ പരിഗണിക്കുന്നതിനായി, കൗൺസിലിന്റെ അംഗങ്ങളോ അംഗങ്ങളല്ലാത്ത ആളുകളോ ഉൾപ്പെടുന്ന അതിന് യുക്തമെന്ന് തോന്നുന്ന, അങ്ങനെയുള്ള സബ് കമ്മിറ്റികളെ രണ്ടു വർഷത്തിൽ കവിയാത്ത കാലയളവിലേക്ക് നിയമിക്കാവുന്നതാണ്.

6. <u>ഉപദേശമോ സഹായമോ തേടുന്നതിനുള്ള അധികാരം</u>.— കൗൺസിലിന്, ഏതെങ്കിലും ആളുമായോ നികായവുമായോ സ്വയം സഹകരിക്കാവുന്നതും ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമാണെന്ന് അത് കരുതുന്ന സാങ്കേതിക സഹായമോ ഉപദേശമോ തേടാവുന്നതുമാണ്.

7. കൗൺസിൽ കൂടിയാലോചനാപരമായ പ്രക്രിയ പിൻതുടരണമെന്ന്.— ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് നിർബന്ധമായും ഉണ്ടായിരിക്കേണ്ട നിലവാരവും അവയുടെ തരംതിരിവും ആക്റ്റിന്റെയും ചട്ടങ്ങളിലെയും വ്യവസ്ഥകളിൻ കീഴിലുള്ള മറ്റേതെങ്കിലും കാര്യത്തിലും മാറ്റം വരുത്തുന്നതിനുവേണ്ടിയുള്ള അഭിപ്രായം രേഖപ്പെടുത്തുന്നതിന് മതിയായ നോട്ടീസ് നൽകിക്കൊണ്ട്, കൗൺസിൽ തീരുമാനിക്കുന്ന അങ്ങനെയുള്ള സ്ഥലങ്ങളിൽ വച്ച് പൊതുവായി കേൾക്കുന്നത് ഉൾപ്പെടെ, കൂടിയാലോചനാപരവും സുതാര്യവുമായ ഒരു പ്രക്രിയ കൗൺസിൽ പിന്തുടരേണ്ടതാണ്.

8. നിർവ്വാഹക സമിതി.- കൗൺസിലിന് താഴെപറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു നിർവ്വാഹക സമിതി ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ്, അദ്ദേഹം ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്;

(ii) ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ;

(iii) ഡയറക്ടർ, ഹോമിയോപ്പതി വകുപ്പ് ;

(iv) ഡയറക്ടർ, പബ്ളിക് ഹെൽത്ത് ലബോറട്ടറി;

(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, രോഗികളുടെ ക്ഷേമ സംഘടനകളുടെ ഒരു പ്രതിനിധി;

(vi) കൗൺസിലിന്റെ സെക്രട്ടറി.

9. നിർവ്വാഹക സമിതിയുടെ അധികാരങ്ങളും ചുമതലകളും.—നിർവ്വാഹക സമിതി, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

10. കൗൺസിലിന്റെ അംഗമായി നിയമിക്കപ്പെടുന്നതിനുള്ള അയോഗ്യത.— ഒരാൾ കൗൺസിലിന്റെ ഒരു അംഗമായി നിയമിക്കപ്പെടുന്നതിന്, അയാൾ,—

(എ) സദാചാരദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുകയും തടവ് ശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ; അഥവാ

(ബി) ഒരു അവിമുക്ത നിർദ്ധനനാണെങ്കിൽ; അഥവാ

(സി) ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായിത്തീരുകയും അധികാരമുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ; അഥവാ

(ഡി) സർക്കാരിന്റെയോ കേന്ദ്രസർക്കാരിന്റെയോ സേവനത്തിൽ നിന്നോ സർക്കാരിന്റെയോ കേന്ദ്രസർക്കാരിന്റെയോ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ഒരു കോർപ്പ റേഷന്റെയോ സേവനത്തിൽനിന്നും നീക്കം ചെയ്യപ്പെട്ടതോ പിരിച്ചുവിടപ്പെട്ടതോ ആണെങ്കിൽ; അഥവാ

(ഇ) സർക്കാരിന്റെ അഭിപ്രായത്തിൽ, ഒരു അംഗമെന്ന നിലയിൽ അയാളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനെ ദോഷകരമായി ബാധിക്കുവാനിടയുള്ള സാമ്പത്തികമായതോ അങ്ങനെയുള്ള മറ്റു താല്പപര്യങ്ങളോ കൗൺസിലിൽ അയാൾക്ക് ഉണ്ടെങ്കിൽ;

അയോഗ്യനായിരിക്കുന്നതാണ്.

11. ഒഴിവ് മുതലായവ കൗൺസിലിന്റെ നടപടിക്രമങ്ങളെ അസാധുവാക്കാൻ പാടില്ലെന്ന്.—കമ്മീഷന്റെ യാതൊരു പ്രവർത്തിയും അല്ലെങ്കിൽ നടപടികളും, കമ്മീഷനിൽ ഏതെങ്കിലും ഒഴിവ് ഉണ്ടെന്നോ അഥവാ അതിന്റെ രൂപീകരണത്തിൽ എന്തെങ്കിലും ന്യൂനത ഉണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം അസാധുവാകുന്നതല്ല.

12. ബിസിനസ്സിന്റെ നടപടിക്രമവും നടത്തിപ്പും.—കൗൺസിലിന്റെ യോഗങ്ങളുടെ ക്വാറവും യോഗത്തിൽ പരിഗണിക്കപ്പെടേണ്ട ബിസിനസ്സിന്റെ ബിസിനസ്സ് നടത്തിപ്പിനുള്ള നടപടിക്രമവും നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കേണ്ടതാണ്.

13. കൗൺസിലിലെ അംഗങ്ങളുടെ ഉദ്യോഗ കാലാവധി.—കൗൺസിലിലെ അനൗദ്യോഗിക അംഗങ്ങൾ അവരെ നാമനിർദ്ദേശം ചെയ്ത തീയതി മുതൽ മൂന്നു വർഷക്കാലയളവ് വരെ ഉദ്യോഗം വഹിക്കേണ്ടതാണ്:

എന്നാൽ, ഒരു അംഗം രണ്ടിൽ കൂടുതൽ തവണ ഉദ്യോഗം വഹിക്കാൻ പാടില്ലാത്തതാണ്.

14. കൗൺസിലിലെ അനൗദ്യോഗിക അംഗങ്ങളുടെ ബത്തകൾ.—കൗൺസിലിലെ അനൗദ്യോഗിക അംഗങ്ങൾക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ബത്തകൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം III

## ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

15. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ.—(1) കൗൺസിൽ, ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സംസ്ഥാന രജിസ്റ്റർ എന്നറിയപ്പെടുന്ന ഒരു രജിസ്റ്റർ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന അങ്ങനെയുള്ള ഒരു ഫാറത്തിൽ തയ്യാറാക്കുകയും, വച്ചുപോരുകയും, പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്.

(2) ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സംസ്ഥാന രജിസ്റ്റർ തയ്യാറാക്കുന്നതിനും, നാളതുവരെയുള്ളതാക്കുന്നതിനും ഉള്ള ഉത്തരവാദിത്തം കൗൺസിലിന്റെ സെക്രട്ടറിയ്ക്ക് ആയിരിക്കുന്നതാണ്.

## അദ്ധ്യായം IV

## ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിലവാരവും

16. വിഭാഗങ്ങളും നിലവാരവും.—(1) വിവിധ വിഭാഗങ്ങളിലുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് വ്യത്യസ്തമായ നിലവാരങ്ങൾ കൊണ്ടുവരേണ്ടതും ഓരോ വിഭാഗത്തിനുമായി വിജ്ഞാപനം ചെയ്യപ്പെട്ട മതിയായ നിലവാരമുള്ള സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകേണ്ടതുമാണ്.

(2) ക്ലിനിക്കൽ സ്ഥാപനങ്ങളിൽ ശരിയായ ആരോഗ്യപരിരക്ഷ ഉറപ്പു വരുത്തുന്നതിനായി, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷ കാലയളവിനുള്ളിൽ, ആദ്യശ്രേണി മാനദണ്ഡങ്ങൾ കൗൺസിൽ നിശ്ചയിക്കേണ്ടതാണ്.

17. രജിസ്ട്രേഷനുള്ള അതോറിറ്റി.—(1) സർക്കാർ, വിജ്ഞാപനം വഴി, ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനു വേണ്ടി ഓരോ ജില്ലയിലും താഴെപ്പറയുന്ന അംഗങ്ങളോടുകൂടിയ ഒരു അതോറിറ്റി രൂപീകരിക്കേണ്ടതാണ്, അതായത്:—

(എ) ജില്ലാ കളക്ടർ, എക്സ്- ഒഫിഷ്യോ- ചെയർപേഴ്സൺ;

(ബി) ജില്ലാ മെഡിക്കൽ ഓഫീസർ, എക്സ്-ഒഫിഷ്യോ-വൈസ്ചെയർ പേഴ്സൺ;

(സി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ജില്ലാ മെഡിക്കൽ ഓഫീസിലെ ഒരു മെഡിക്കൽ ഓഫീസർ, അദ്ദേഹം അതോറിറ്റിയുടെ കൺവീനർ ആയിരിക്കേണ്ടതാണ്;

(ഡി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിനിലെ ഒരു മെഡിക്കൽ ഓഫീസർ;

(ഇ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഹോമിയോപ്പതിക് സിസ്റ്റം ഓഫ് മെഡിസിനിലെ ഒരു മെഡിക്കൽ ഓഫീസർ;

(എഫ്) ആരോഗ്യരംഗത്തുള്ള ഒരു തൊഴിലധിഷ്ഠിത സംഘടനയിൽ നിന്നും ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന ഒരു അംഗം, അദ്ദേഹത്തിന്റെ ഉദ്യോഗകാലയളവ് രണ്ട് വർഷം ആയിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 20-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ താത്ക്കാലിക രജിസ്ട്രേഷൻ നടത്തേണ്ട ആവശ്യങ്ങളിലേക്കായി, അതോറിറ്റിയുടെ കൺവീനർ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അതോറിറ്റിയുടെ അധികാരങ്ങൾ വിനിയോഗിക്കേണ്ടതാണ്.

(3) അതോറിറ്റി താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(എ) ഒരു ക്ലിനിക്കൽ സ്ഥാപനത്തിന് രജിസ്ട്രേഷൻ നൽകുക, പുതുക്കുക, സസ്പെന്റ് ചെയ്യുക അല്ലെങ്കിൽ റദ്ദാക്കുക;

(ബി) ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക;

(സി) പൊതുജനാരോഗ്യത്തിനും രോഗികളുടെയും ജീവനക്കാരുടെയും ആരോഗ്യത്തിനും സുരക്ഷയ്ക്കും പെട്ടെന്നുള്ള അപകടം സംഭവിക്കാൻ സാധ്യതയുണ്ടെങ്കിൽ അങ്ങനെയുള്ള ക്ലിനിക്കൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ റദ്ദാക്കുക;

(ഡി) കൗൺസിൽ നിർദ്ദേശിക്കുന്ന രീതിയിലുള്ള റിപ്പോർട്ടുകൾ ആനുകാലികമായി തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക;

(ഇ) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുക.

(4) അതോറിറ്റിയിലെ ഒരു അനൗദ്യോഗിക അംഗത്തിന്റെ ആകസ്മിക ഒഴിവ്, പുതിയ നാമനിർദ്ദേശം വഴി ജില്ലാ കളക്ടർ നികത്തേണ്ടതും അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗം, അദ്ദേഹത്തെ ആരുടെ സ്ഥാനത്തേക്കാണോ നാമനിർദ്ദേശം ചെയ്തത് അയാളുടെ ശേഷിക്കുന്ന കാലയളവിലേക്ക് മാത്രം ഉദ്യോഗം വഹിക്കേണ്ടതുമാണ്.

(5) കൗൺസിൽ, സർക്കാരിന്റെ അനുമതിയോടുകൂടി, അതോറിറ്റിയുടെ ശരിയായ പ്രവർത്തനത്തിന് ആവശ്യമായ അങ്ങനെയുള്ള ജീവനക്കാരെ അതോറിറ്റിക്ക് ലഭ്യമാക്കേണ്ടതാണ്.

18. രജിസ്ട്രേഷനുള്ള ഉപാധികൾ.—ഓരോ ക്ലിനിക്കൽ സ്ഥാപനവും രജിസ്ട്രേഷനുള്ള ആവശ്യത്തിലേക്കായി താഴെപ്പറയുന്ന ഉപാധികൾ പാലിച്ചിരിക്കേണ്ടതാണ്, അതായത്:—

(എ) ക്ലിനിക്കൽ സ്ഥാപനത്തിന്റെ വിഭാഗത്തിന് അനുസൃതമായി സർക്കാർ വിജ്ഞാപനം ചെയ്തേക്കാവുന്ന ഏറ്റവും കുറഞ്ഞ നിലവാരം ഉണ്ടായിരിക്കേണ്ടതാണ്;

(ബി) മെഡിക്കലും പാരാമെഡിക്കലും ജീവനക്കാർക്ക് നിർണ്ണയിക്കപ്പെടാവുന്ന ഏറ്റവും കുറഞ്ഞ യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്;

(സി) കൗൺസിൽ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ നിർബന്ധമായി പാലിക്കുമെന്ന് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ ഉറപ്പ് നൽകുക;

(ഡി) വിജ്ഞാപനം ചെയ്യപ്പെട്ട പ്രകാരം, അങ്ങനെയുള്ള വിവരങ്ങൾ സംസ്ഥാന സർക്കാരിന് നൽകാമെന്ന് ഉറപ്പ് നൽകുക;

(ഇ) സുരക്ഷയുടെയും അണുബാധാ നിയന്ത്രണത്തിന്റെയും നിലവാരം പുലർത്തുന്ന ചികിത്സാ മാർഗ്ഗങ്ങളുടെയും വിജ്ഞാപനം ചെയ്യപ്പെടാവുന്ന നിലവാരങ്ങൾ പുലർത്തുക;

(എഫ്) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മററ് വ്യവസ്ഥകൾ.

19. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ.—(1) ഈ ആക്റ്റിലേയും അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം കേരളത്തിലെ എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും ബന്ധപ്പെട്ട അതോറിറ്റിയിൽ രജിസ്ററർ ചെയ്യേണ്ടതാണ്.

(2) ഈ ആക്റ്റിലേയും അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായി യഥാവിധി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്ത പക്ഷം യാതൊരാളും ഒരു ക്ലിനിക്കൽ സ്ഥാപനം നടത്തുവാൻ പാടുള്ളതല്ല.

(3) ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട അതോറിറ്റി താത്കാലിക രജിസ്ട്രേഷൻ നല്കേണ്ടതാണ്.

(4) താത്കാലിക രജിസ്ട്രേഷനുള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലാവധിക്കുള്ളിൽ ആ വിഭാഗത്തിൽ സ്ഥിരം രജിസ്ട്രേഷനുവേണ്ടിയുള്ള ഏറ്റവും കുറഞ്ഞ നിലവാരം ആർജ്ജിക്കേണ്ടതാണ്.

(5) ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം നിലവിൽ വരുന്ന എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ സ്ഥിരം രജിസ്ട്രേഷനുവേണ്ടി അതോറിറ്റിയിൽ അപേക്ഷിക്കേണ്ടതാണ്.

(6) ഒരു ക്ലിനിക്കൽ സ്ഥാപനം ഒന്നിലധികം വിഭാഗങ്ങളിൽ സേവനങ്ങൾ നൽകുന്ന സംഗതിയിൽ, അങ്ങനെയുള്ള ക്ലിനിക്കൽ സ്ഥാപനം ഈ ആക്റ്റ് പ്രകാരമുള്ള ഓരോ വിഭാഗത്തിനുമായി താത്കാലികമോ സ്ഥിരമോ ആയ രജിസ്ട്രേഷനു വേണ്ടി വെവ്വേറെ അപേക്ഷിക്കേണ്ടതാണ്:

എന്നാൽ, ഒരു ക്ലിനിക്കൽ സ്ഥാപനത്തിന്റെ ഭാഗമായിട്ടുള്ള ഒരു ലബോറട്ടറിയോ ഒരു രോഗനിർണ്ണയ കേന്ദ്രമോ പ്രത്യേകമായി രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല.

(7) അംഗീകരിക്കപ്പെട്ട വൈദ്യശാസ്ത്ര ശാഖയിൽ നിന്നുള്ള ഡോക്ടർമാർ കൺസൾട്ടേഷൻ സർവ്വീസുകൾ മാത്രം നൽകുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്താൽ മാത്രം മതിയാകുന്നതും ആക്റ്റിന്റെ 18-ാം വകുപ്പിന്റെ (എ) ഖണ്ഡം അങ്ങനെയുള്ള ക്ലിനിക്കുകൾക്ക് ബാധകമാകുന്നതല്ലാത്തതുമാണ്.

വിശദീകരണം:— ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, 'ഡോക്ടർ' എന്നാൽ 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്റ്റിനു (1953-ലെ IX) കീഴിലോ, 1948-ലെ ഡെന്റിസ്റ്റ്സ് ആക്റ്റിന്റെ (1948-ലെ 16-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള ഡെന്റൽ കൗൺസിലിനു കീഴിലോ രജിസ്റ്റർ ചെയ്ത ഒരു ഡോക്ടർ എന്നർത്ഥമാകുന്നു.

20. താത്കാലിക രജിസ്ട്രേഷനുള്ള അപേക്ഷ.—(1) ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ പ്രവർത്തിക്കുന്ന എല്ലാ ക്ലിനിക്കൽ സ്ഥാപനവും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് സഹിതം അങ്ങനെയുള്ള ഫാറത്തിൽ താൽകാലിക രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കേണ്ടതാണ്.

(2) സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ആവശ്യപ്പെടുന്ന നിലവിലുള്ള ഏതെങ്കിലും നിയമത്തിൻ കീഴിൽ, രജിസ്റ്റർ ചെയ്തിട്ടുള്ളതോ അല്ലാത്തതോ ആയ എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷന് വേണ്ടി (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന പ്രകാരം അപേക്ഷിക്കേണ്ടതാണ്.

(3) അതോറിറ്റി, അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അപ്രകാരമുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു താത്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷകന് നല്കേണ്ടതും ഈ കാലയളവിനുള്ളിൽ രജിസ്ട്രേഷൻ അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യാത്തപക്ഷം അത് അനുവദിച്ചതായി കരുതപ്പെടേണ്ടതുമാണ്.

21. താത്കാലിക രജിസ്ട്രേഷന്റെ സാധുത.—(1) താത്കാലിക രജിസ്ട്രേഷന്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന തീയതി മുതൽ ഒരു വർഷക്കാലംവരെ സാധുതയുണ്ടായിരിക്കുന്നതാണ്.

എന്നാൽ, സ്ഥിരം രജിസ്ട്രേഷൻ നേടുന്നതിനുള്ള വീഴ്ച ക്ലിനിക്കൽ സ്ഥാപനത്തിന്റെ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാലാണെന്ന്, ലിഖിതമായ കാരണങ്ങളാൽ അതോറിറ്റിക്ക് ബോദ്ധ്യമാകുന്നപക്ഷം, അതോറിറ്റിക്ക് തുടർന്നുള്ള ഒരു വർഷക്കാലത്തേക്ക് രജിസ്ട്രേഷൻ ദീർഘിപ്പിച്ച് നൽകാവുന്നതാണ്.

എന്നുമാത്രമല്ല, ഏതെങ്കിലും ക്ലിനിക്കൽ സ്ഥാപനങ്ങളെ സംബന്ധിച്ച് സർക്കാർ നിലവാരം വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിൽ, ഈ ആക്റ്റിന്റെ പ്രാരംഭത്തിനു മുമ്പ് നിലവിൽവന്ന ക്ലിനിക്കൽ സ്ഥാപനങ്ങളുടെ കാര്യത്തിൽ നിലവാരം നിശ്ചയിച്ച വിജ്ഞാപന തീയതി മുതൽ രണ്ട്വർഷത്തിൽ കൂടുതൽ കാലത്തേക്ക് താത്ക്കാലിക രജിസ്ട്രേഷൻ നൽകുകയോ പുതുക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) താത്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാധുത അവസാനിക്കുന്നതിന് മുപ്പത് ദിവസങ്ങൾക്ക് മുൻപ് താത്കാലിക രജിസ്ട്രേഷൻ ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതും ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ താത്കാലിക രജിസ്ട്രേഷൻ അവസാനിച്ചതിനു ശേഷമാണ് നൽകിയിട്ടുള്ളത് എങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് അടയ്ക്കുമ്പോൾ, അതോറിറ്റി, രജിസ്ട്രേഷൻ ദീർഘിപ്പിച്ച് നൽകേണ്ടതുമാണ്.

22. <u>ഒരു ക്ലിനിക്കൽ സ്ഥാപനത്തിന്റെ സ്ഥിരം രജിസ്ട്രേഷനുള്ള അപേക്ഷ.</u>—(1) ഒരു ക്ലിനിക്കൽ സ്ഥാപനത്തിന്റെ സ്ഥിരം രജിസ്ട്രേഷനുള്ള അപേക്ഷ, ആ വിഭാഗത്തിനുവേണ്ടി നിർണ്ണയിക്കപ്പെട്ടിട്ടുള്ള നിലവാരം ആ ക്ലിനിക്കൽ സ്ഥാപനം പാലിച്ചിട്ടുണ്ടെന്ന് കാണിക്കുന്ന വിധത്തിലുള്ള തെളിവ് സഹിതം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ഫീസ് സഹിതം, അതോറിറ്റിക്ക് നൽകേണ്ടതാണ്.

(2) താത്കാലിക രജിസ്ട്രേഷനുള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനവും, താത്കാലിക രജിസ്ട്രേഷൻ കാലാവധി തീരുന്ന തീയതിക്ക് അറുപത് ദിവസം മുൻപായി സ്ഥിരം രജിസ്ട്രേഷന് അപേക്ഷിക്കേണ്ടതാണ്.

(3) അതോറിറ്റി, സ്ഥിരം രജിസ്ട്രേഷന് അപേക്ഷിച്ച ക്ലിനിക്കൽ സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ അപേക്ഷ ലഭിച്ച തീയതി മുതൽ ഏഴ് ദിവസത്തിനകം നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പ്രസിദ്ധീകരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

(4) അതോറിറ്റി, സ്ഥിരം രജിസ്ട്രേഷൻ നൽകുന്നതിന് മുൻപായി ക്ലിനിക്കൽ സ്ഥാപനം പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ചെയ്യേണ്ടതാണ്.

(5) ഒരു ക്ലിനിക്കൽ സ്ഥാപനം, നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഏറ്റവും കുറഞ്ഞ നിലവാരം പുലർത്തിയാൽ മാത്രം അതോറിറ്റി, അതിന് സ്ഥിരം രജിസ്ട്രേഷൻ നൽകേണ്ടതാണ്.

(6) അതോറിറ്റി, അപേക്ഷ ലഭിച്ച തീയതി മുതൽ അറുപത് ദിവസത്തിനകം, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ അങ്ങനെയുള്ള വിശദാംശങ്ങൾ ഉൾപ്പെടുന്ന ഒരു സ്ഥിര രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷകന് നൽകേണ്ടതും ഈ കാലയളവിനുള്ളിൽ രജിസ്ട്രേഷൻ നിരസിക്കുകയോ അനുവദിക്കുകയോ ചെയ്യാത്ത പക്ഷം അത് അനുവദിച്ചതായി കരുതപ്പെടുന്നതാണ്.

(7) ക്ലിനിക്കൽ സ്ഥാപനം, വിജ്ഞാപനം ചെയ്യപ്പെട്ട ഏറ്റവും കുറഞ്ഞ നിലവാരം ആർജ്ജിച്ചിട്ടില്ലെന്നും അപൂർണ്ണമായ വിവരം സമർപ്പിക്കുകയോ പ്രസക്തമായ രേഖകൾ നൽകാതിരിക്കുകയോ ചെയ്തിട്ടുണ്ടെന്നും അതോറിറ്റിയ്ക്ക് അഭിപ്രായമുള്ള സംഗതിയിൽ രജിസ്ട്രേഷൻ അനുവദിക്കാതിരിക്കുന്നതിനുള്ള അതിന്റെ ഉദ്ദേശ്യം അതിനുള്ള കാരണങ്ങൾ സഹിതം അപേക്ഷകനെ അറിയിക്കേണ്ടതാണ്.

(8) അപേക്ഷകന്, അപ്രകാരമുള്ള അറിയിപ്പ് ലഭിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം, അതോറിറ്റിക്ക് മറുപടി നൽകാവുന്നതും നിലവാരം ആർജ്ജിച്ചിട്ടുണ്ടെന്നും വിവരങ്ങളും രേഖകളും സമർപ്പിച്ചിട്ടുണ്ടെന്നും കാണിക്കുന്ന തെളിവുകൾ ഹാജരാക്കാവുന്നതും, അതോറിറ്റിക്ക് തെളിവ് പരിശോധിച്ചും, ആവശ്യമെങ്കിൽ അസ്സസ്സർമാർ വഴി തെളിവിന്റെ ഒരു പുനഃപരിശോധനയ്ക്കും ശേഷം, രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷ, അനുവദിക്കുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

(9) സ്ഥിരം രജിസ്ട്രേഷനുള്ള അപേക്ഷ നിരസിക്കാൻ അതോറിറ്റി തീരുമാനിക്കുന്ന പക്ഷം ആയതിനുള്ള കാരണം അങ്ങനെയുള്ള തീരുമാനത്തിന്റെ തീയതി മുതൽ മുപ്പത് ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതാണ്.

(10) സ്ഥിരം രജിസ്ട്രേഷനുവേണ്ടിയുള്ള ഒരു അപേക്ഷ നിരസിച്ചു എന്നത്, നിർണ്ണയിക്കപ്പെട്ട നിലവാരം പുലർത്തുന്നുണ്ടെന്നതിന് ആവശ്യമായേക്കാവുന്ന തെളിവ് നൽകിയ ശേഷം, ന്യൂനതകൾ പരിഹരിച്ച്, സ്ഥിരം രജിസ്ട്രേഷനുവേണ്ടി പുതുതായി അപേക്ഷിക്കുന്നതിന് ഒരു തടസ്സം ആകുന്നതല്ല.

(11) രജിസ്ട്രേഷൻ സാധുവായിരിക്കുന്നിടത്തോളം രജിസ്റ്റർ ചെയ്യപ്പെട്ട ക്ലിനിക്കൽ സ്ഥാപനങ്ങൾ നിർണ്ണയിക്കപ്പെട്ടിട്ടുള്ള നിലവാരം പാലിക്കുന്നുണ്ടെന്ന് അതോറിറ്റി ഉറപ്പാക്കേണ്ടതും അതോറിറ്റി ആനുകാലിക റിപ്പോർട്ട് ആവശ്യപ്പെടേണ്ടതും നിർണ്ണയിക്കപ്പെട്ട നിലവാരം സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാ ക്ലിനിക്കൽ സ്ഥാപനവും കുറഞ്ഞത് രണ്ട് വർഷത്തിലൊരിക്കൽ എങ്കിലും പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ചെയ്യേണ്ടതും പരിശോധനയുടെ ഫലം നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ടതുമാണ്.

(12) രജിസ്റ്റർ ചെയ്യപ്പെട്ട ക്ലിനിക്കൽ സ്ഥാപനം നിർണ്ണയിക്കപ്പെട്ട നിലവാരം സൂക്ഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും പരീക്ഷിക്കുന്നതിനുമായി സ്വതന്ത്ര അസ്സസ്സർമാരുടെ ഒരു പാനൽ, കൗൺസിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്.

(13) ആശുപത്രികൾക്ക് വേണ്ടിയുള്ള നാഷണൽ അക്രെഡിറ്റേഷൻ ബോർഡിൽ നിന്നോ ലാബോറട്ടറികൾക്ക് വേണ്ടിയുള്ള നാഷണൽ അക്രെഡിറ്റേഷൻ ബോർഡിൽ നിന്നോ അല്ലെങ്കിൽ ഈ ആവശ്യത്തിലേക്കായി സർക്കാർ അംഗീകരിച്ച മറ്റേതെങ്കിലും നികായത്തിൽ നിന്നോ അക്രെഡിറ്റേഷൻ ലഭിച്ചിട്ടുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് (4)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള പരിശോധന കൂടാതെതന്നെ സ്ഥിരം രജിസ്ട്രേഷൻ അനുവദിക്കേണ്ടതും അക്രെഡിറ്റേഷന്റെ സാധുത നിലനിൽക്കുന്ന കാലത്തോളം അങ്ങനെയുള്ള സ്ഥാപനങ്ങളെ കൗൺസിലിന്റെ അസ്സസ്സർമാരുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതില്ലാത്തതുമാണ്:

എന്നാൽ, അക്രെഡിറ്റേഷൻ റദ്ദാക്കുകയോ കാലപരിധി അവസാനിക്കുകയോ ചെയ്യുന്ന സംഗതിയിൽ, അങ്ങനെയുള്ള ക്ലിനിക്കൽ സ്ഥാപനങ്ങളെ അങ്ങനെ റദ്ദാക്കപ്പെട്ടതോ കാലാവധി അവസാനിച്ചതോ ആയ തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ അതോറിറ്റി പരിശോധിപ്പിക്കേണ്ടതാണ്.

(14) ക്ലിനിക്കൽ സ്ഥാപനം, നിർണ്ണയിക്കപ്പെട്ട ഏറ്റവും കുറഞ്ഞ നിലവാരം ആർജ്ജിച്ചിട്ടില്ലാത്ത സംഗതിയിൽ, അതിന്റെ താത്കാലികമോ സ്ഥിരമോ ആയ രജിസ്ട്രേഷൻ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ റദ്ദാക്കുന്നതിനുള്ള നടപടികൾ അതോറിറ്റി സ്വീകരിക്കേണ്ടതാണ്.

23. സ്ഥിരം രജിസ്ട്രേഷന്റെ സാധുത.—സ്ഥിരം രജിസ്ട്രേഷന് മൂന്ന് വർഷക്കാലത്തേക്ക് സാധുത ഉണ്ടായിരിക്കുന്നതും തുടർന്ന്, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് ഒടുക്കിക്കൊണ്ട് കാലാവധി അവസാനിക്കുന്നതിന് മുമ്പായി അത് പുതുക്കാവുന്നതുമാണ്.

24. സ്ഥിരം രജിസ്ട്രേഷൻ പുതുക്കൽ.—സ്ഥിരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാധുത അവസാനിക്കുന്നതിന് അറുപത് ദിവസങ്ങൾക്ക് മുമ്പായി സ്ഥിരം രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും, അങ്ങനെയുള്ള തീയതി അവസാനിച്ച ശേഷം പുതുക്കൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള സംഗതിയിൽ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വർദ്ധിപ്പിച്ച ഫീസ് ഒടുക്കുമ്പോൾ അതോറിറ്റിയ്ക്ക് അങ്ങനെയുള്ള അപേക്ഷ അനുവദിക്കാവുന്നതുമാണ്.

25. അപേക്ഷ ലഭിച്ച വിവരം അറിയിക്കൽ.—താത്കാലിക രജിസ്ട്രേഷനോ സ്ഥിര രജിസ്ട്രേഷനോവേണ്ടി, അതതുസംഗതിപോലെ, അപേക്ഷ ലഭിച്ചതായുള്ള കൈപ്പറ്റ് രസീത് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ അതോറിറ്റി നൽകേണ്ടതാണ്.

26. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.—(1) താത്ക്കാലികമോ സ്ഥിരമോ ആയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, അതതു സംഗതിപോലെ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വിവരങ്ങൾ അടങ്ങുന്ന അങ്ങനെയുള്ള ഫാറത്തിൽ അതോറിറ്റി നൽകേണ്ടതാണ്.

(2) താത്കാലികമോ സ്ഥിരമോ ആയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ്.

27. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈമാറ്റം ചെയ്യാൻ പാടുള്ളതല്ലെന്ന്.—(1) താൽക്കാലികമായതോ സ്ഥിരമായതോ ആയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈമാറ്റം ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

(2) ഉടമസ്ഥതയിലോ വിഭാഗത്തിലോ മാനേജ്മെന്റിലോ സ്ഥിതിചെയ്യുന്ന സ്ഥാനത്തിലോ മാറ്റം വരികയോ അല്ലെങ്കിൽ പ്രവർത്തനം അവസാനിപ്പിക്കുകയോ ചെയ്യുന്ന സംഗതിയിൽ അങ്ങനെയുള്ള ക്ലിനിക്കൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അതോറിറ്റിയെ തിരികെ ഏൽപ്പിക്കേണ്ടതാണ്.

(3) പുതിയ ഉടമസ്ഥൻ അല്ലെങ്കിൽ ക്ലിനിക്കൽ സ്ഥാപനം പുനരാരംഭിക്കുന്നതിന് താൽപ്പര്യപ്പെടുന്ന ഏതൊരാളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനു വേണ്ടി, ഉടമസ്ഥാവകാശം മാറിയതുമുതൽ മുപ്പത് ദിവസത്തിനകം, പുതുതായി അപേക്ഷിക്കേണ്ടതാണ്.

28. രജിസ്ട്രേഷന്റെ റദ്ദാക്കൽ.—(1) ഏതെങ്കിലും ക്ലിനിക്കൽ സ്ഥാപനം രജിസ്റ്റർ ചെയ്തതിനു ശേഷം എപ്പോഴെങ്കിലും,—

(എ) രജിസ്ട്രേഷന്റെ ഉപാധികൾ പാലിക്കപ്പെടുന്നില്ലെന്നോ; അല്ലെങ്കിൽ

(ബി) ക്ലിനിക്കൽ സ്ഥാപനത്തിന്റെ നടത്തിപ്പിലുള്ള ആളെ ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെട്ടിട്ടുണ്ടെന്നോ; അല്ലെങ്കിൽ

(സി) ക്ലിനിക്കൽ സ്ഥാപനത്തിൽനിന്നും പരിചരണം തേടുന്ന ആളുകളുടെ ആരോഗ്യത്തിന് ദോഷകരമായ ഒരു കാര്യം ആ ക്ലിനിക്കൽ സ്ഥാപനം ബോധപൂർവ്വം ചെയ്തിരിക്കുന്നുവെന്നോ;

അതോറിറ്റിക്ക് ബോദ്ധ്യപ്പെടുകയാണെങ്കിൽ, നോട്ടീസിൽ പരാമർശിച്ച കാരണങ്ങളാൽ അതിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യപ്പെടാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ കാണിക്കണമെന്നുള്ള ഒരു നോട്ടീസ് ആ ക്ലിനിക്കൽ സ്ഥാപനത്തിന് നൽകാവുന്നതാണ്.

(2) ക്ലിനിക്കൽ സ്ഥാപനത്തിന് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകിയതിനുശേഷം, ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥയുടെ ഒരു ലംഘനം ഉണ്ടായിട്ടുണ്ടെന്ന് അതോറിറ്റിക്ക് ബോദ്ധ്യപ്പെടുന്ന സംഗതിയിൽ, അതിന്, അങ്ങനെയുള്ള ക്ലിനിക്കൽ സ്ഥാപനത്തിനെതിരെ എടുക്കാവുന്ന മറ്റേതെങ്കിലും നടപടിയ്ക്ക് ഭംഗം വരാതെ, ഒരു ഉത്തരവ് വഴി അതിന്റെ രജിസ്ട്രേഷൻ റദ്ദാക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഓരോ ഉത്തരവും,—

(i) അങ്ങനെയുള്ള ഉത്തരവിനെതിരായി യാതൊരു അപ്പീലും ബോധിപ്പിക്കപ്പെട്ടിട്ടില്ലാത്ത സംഗതിയിൽ അങ്ങനെയുള്ള അപ്പീലിന് നിർണ്ണയിച്ചിട്ടുള്ള കാലഹരണാവധി അവസാനിക്കുന്നതോടെയും;

(ii) അങ്ങനെയുള്ള അപ്പീൽ ബോധിപ്പിക്കുകയും അത് തള്ളുകയും ചെയ്തിട്ടുള്ള സംഗതിയിൽ അങ്ങനെ തള്ളിയ ഉത്തരവിന്റെ തീയതി മുതലും, പ്രാബല്യത്തിൽ വരുന്നതാണ്:

എന്നാൽ, രജിസ്ട്രേഷൻ റദ്ദാക്കിയശേഷം, രോഗികളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കും ഉടൻ അപകടം സംഭവിക്കുവാൻ സാദ്ധ്യതയുള്ള പക്ഷം, അതോറിറ്റി, എഴുതി രേഖപ്പെടുത്തിയ കാരണങ്ങളാൽ ക്ലിനിക്കൽ സ്ഥാപനത്തെ തുടർന്നു പ്രവർത്തിക്കുന്നതിൽ നിന്നും ഉടൻ തടയേണ്ടതാണ്.

## അദ്ധ്യായം V

## ശിക്ഷകൾ

29. ആക്റ്റിലെ വ്യവസ്ഥകളുടെ ഉല്ലംഘനത്തിനുള്ള ശിക്ഷ.—(1) ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്ന ഏതൊരാളും, ഈ ആക്റ്റിൽ മറ്റൊരിടത്തും ശിക്ഷ വ്യവസ്ഥ ചെയ്തിട്ടില്ലെങ്കിൽ, ആദ്യത്തെ ലംഘനത്തിന് പതിനായിരം രൂപവരെയാകാവുന്ന പിഴശിക്ഷയ്ക്കും രണ്ടാമത്തെ ലംഘനത്തിന് അൻപതിനായിരം രൂപവരെയാകാവുന്ന പിഴശിക്ഷയ്ക്കും തുടർന്നുള്ള ഏതെങ്കിലും ലംഘനത്തിന് അഞ്ച് ലക്ഷം രൂപ വരെയാകാവുന്ന പിഴശിക്ഷയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ്:

എന്നാൽ, ഈ വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്ന വിധം കുറ്റം ഗുരുതര സ്വഭാവമുള്ളതാണെന്ന്, ബന്ധപ്പെട്ട ആൾക്ക് അല്ലെങ്കിൽ ക്ലിനിക്കൽ സ്ഥാപനത്തിന് നോട്ടീസ് നൽകിയ ശേഷം കൗൺസിൽ തീരുമാനിക്കുന്നപക്ഷം, പിഴശിക്ഷയ്ക്കു പുറമെ ക്ലിനിക്കൽ സ്ഥാപനം അടച്ചുപൂട്ടുന്നതിന് കൗൺസിലിന് ഉത്തരവിടാവുന്നതാണ്.

30. രജിസ്ട്രേഷൻ ചെയ്യാത്തതിനുള്ള ശിക്ഷ.—(1) രജിസ്ട്രേഷനില്ലാതെ ഒരു ക്ലിനിക്കൽ സ്ഥാപനം നടത്തുന്ന ഏതൊരാളും, ആദ്യത്തെ ലംഘനത്തിന് അൻപതിനായിരം രൂപവരെയാകാവുന്ന പിഴശിക്ഷയ്ക്കും രണ്ടാമത്തെ ലംഘനത്തിന് രണ്ട് ലക്ഷം രൂപ വരെയാകാവുന്ന പിഴശിക്ഷയ്ക്കും പിന്നീടുള്ള ഏതെങ്കിലും ലംഘനത്തിന് അഞ്ച് ലക്ഷം രൂപവരെയാകാവുന്ന പിഴശിക്ഷയ്ക്കും തുടർച്ചയായ ലംഘനത്തിന്റെ കാര്യത്തിൽ പരമാവധി അഞ്ച് ലക്ഷം രൂപ എന്നതിനു വിധേയമായി ക്ലിനിക്കൽ സ്ഥാപനം രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്ന ഓരോ അധിക ദിവസത്തിനും പതിനായിരം രൂപ പണമായുള്ള പിഴശിക്ഷയ്ക്കും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പു പ്രകാരമുള്ള ഒരു കുറ്റമോ ലംഘനമോ ന്യായനിർണ്ണയം ചെയ്യുന്നതിന്റെ ആവശ്യത്തിലേക്കായി, ബന്ധപ്പെട്ട ആൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകിയ ശേഷം പണമായുള്ള ഏതെങ്കിലും പിഴശിക്ഷ ചുമത്തുന്നതിന്റെ ആവശ്യത്തിലേക്കായി, നിർണ്ണയിക്കപ്പെട്ട രീതിയിൽ അതോറിറ്റി ഒരു അന്വേഷണവിചാരണ നടത്തേണ്ടതാണ്.

(3) ഒരു അന്വേഷണവിചാരണ നടത്തുമ്പോൾ കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും നേരിട്ട് അറിയാവുന്ന ഏതെങ്കിലും ആളെ, അതോറിറ്റിയുടെ അഭിപ്രായത്തിൽ അന്വേഷണ വിചാരണയുടെ വിഷയത്തിന് ഉപയോഗപ്രദമോ പ്രസക്തമോ ആയേക്കാവുന്ന തെളിവ് നൽകുന്നതിനായോ ഏതെങ്കിലും രേഖ ഹാജരാക്കുന്നതിനായോ വിളിച്ചുവരുത്തുന്നതിനും അയാളെ ഹാജരാക്കിക്കുന്നതിനും അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള അന്വേഷണ വിചാരണയിൽ (1)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ പാലിക്കുന്നതിൽ അയാൾ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ, ആ ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള പിഴത്തുക ഉത്തരവ് തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം 35-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള അക്കൗണ്ടിൽ, നിക്ഷേപിക്കുവാൻ അതിന് ഉത്തരവിടാവുന്നതാണ്.

(4) പിഴശിക്ഷയുടെ തുക തീരുമാനിക്കുമ്പോൾ, ക്ലിനിക്കൽ സ്ഥാപനത്തിന്റെ വിഭാഗം വലിപ്പം തരം കൂടാതെ സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ പ്രാദേശികാവസ്ഥയും കൂടി കണക്കിലെടുക്കേണ്ടതാണ്.

(5) അതോറിറ്റിയുടെ തീരുമാനത്താൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള തീരുമാനത്തിന്റെ തീയതി മുതൽ നാൽപ്പത്തിയഞ്ച് ദിവസക്കാല അളവിനുള്ളിൽ അപ്പലേറ്റ് അതോറിറ്റി മുമ്പാകെ ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(6) (5)-ാം ഉപവകുപ്പ് പ്രകാരമുള്ള ഏതൊരു അപ്പീലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ അങ്ങനെയുള്ള ഫീസോടുകൂടി നൽകേണ്ടതാണ്.

31. ഉത്തരവ് അനുസരിക്കാതിരിക്കലും വിവരങ്ങൾ തടസ്സപ്പെടുത്തലും നിരസിക്കലും.—(1) അതോറിറ്റിയോ കൗൺസിലോ നിയമാനുസൃതം നൽകുന്ന ഏതൊരു നിർദ്ദേശമോ അല്ലെങ്കിൽ ഈ ആക്റ്റ് പ്രകാരം അങ്ങനെയുള്ള നിർദ്ദേശം നൽകുന്നതിന് അധികാരം ലഭിച്ചതോ ഏതെങ്കിലും ആളോ നൽകിയ ഏതെങ്കിലും നിർദ്ദേശമോ മനഃപൂർവ്വം അനുസരിക്കാതിരിക്കുകയോ അല്ലെങ്കിൽ ഈ ആക്റ്റിൻ കീഴിൽ ചെയ്യേണ്ടതോ ചെയ്യാൻ അധികാരം ലഭിച്ചതോ ആയ ഏതെങ്കിലും ആളെയോ

അധികാര സ്ഥാനത്തെയോ കൗൺസിലിനെയോ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നതിൽ നിന്നും തടസ്സപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴശിക്ഷയ്ക്ക് വിധേയനാകുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിലോ ഏതെങ്കിലും വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരിക്കെ, അങ്ങനെയുള്ള വിവരം മനഃപൂർവ്വം നൽകാതിരിക്കുകയോ വ്യാജമാണെന്ന് അയാൾക്ക് അറിയാവുന്നതോ ശരിയാണെന്ന് അയാൾ വിശ്വസിക്കാത്തതോ ആയ വിവരം നൽകുകയോ ചെയ്യുന്ന ഏതൊരാളും ഒരു ലക്ഷം രൂപവരെയാകാവുന്ന പിഴശിക്ഷയ്ക്ക് വിധേയനാകുന്നതാണ്.

(3) (1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരം ന്യായനിർണ്ണയം ചെയ്യുന്നതിന്റെ ആവശ്യത്തിലേക്കായി, ബന്ധപ്പെട്ട ആൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകിയശേഷം, ഏതെങ്കിലും പണമായുള്ള പിഴശിക്ഷ ചുമത്തുന്നതിന്റെ ആവശ്യത്തിനായി, നിർണ്ണയിക്കപ്പെട്ട രീതിയിൽ അതോറിറ്റി ഒരു അന്വേഷണ വിചാരണ നടത്തേണ്ടതാണ്.

(4) ഒരു അന്വേഷണവിചാരണ നടത്തുമ്പോൾ കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും നേരിട്ട് അറിയാവുന്ന ഏതെങ്കിലും ആളെ, അതോറിറ്റിയുടെ അഭിപ്രായത്തിൽ അന്വേഷണവിചാരണയുടെ വിഷയത്തിന് ഉപയോഗപ്രദമോ പ്രസക്തമോ ആയേക്കാവുന്ന തെളിവ് നൽകുന്നതിനായോ ഏതെങ്കിലും രേഖകൾ ഹാജരാക്കുന്നതിനായോ വിളിച്ചുവരുത്തുന്നതിനും അയാളെ ഹാജരാക്കിക്കുന്നതിനും അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള അന്വേഷണവിചാരണയിൽ (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കുന്നതിൽ അയാൾ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ, ആ ഉപവകുപ്പുകളിൽ വിനിർദ്ദേശിച്ചിട്ടുള്ള പിഴത്തുക ഉത്തരവ് തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം 35-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ അതിന് ഉത്തരവിടാവുന്നതാണ്.

(5) പിഴശിക്ഷയുടെ തുക തീരുമാനിക്കുമ്പോൾ, ക്ലിനിക്കൽ സ്ഥാപനത്തിന്റെ വിഭാഗം വലിപ്പം തരം കൂടാതെ സ്ഥാപനം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ പ്രാദേശികാവസ്ഥയും കൂടി കണക്കിലെടുക്കേണ്ടതാണ്.

(6) 1973-ലെ ക്രിമിനൽ നിയമസംഹിതയിലെ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്) 421 മുതൽ 424 വരെയുള്ള വകുപ്പുകളിൽ വ്യവസ്ഥ ചെയ്ത പ്രകാരം വസൂലാക്കേണ്ടതാണ്.

(7) അതോറിറ്റിയുടെ തീരുമാനത്താൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും അങ്ങനെയുള്ള തീരുമാനത്തിന്റെ തീയതി മുതൽ നാൽപ്പത്തിയഞ്ച് ദിവസക്കാലയളവിനുള്ളിൽ, അപ്പലേറ്റ് അതോറിറ്റി മുമ്പാകെ ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(8) (6)-ാം ഉപവകുപ്പ് പ്രകാരമുള്ള ഏതൊരു അപ്പീലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ അങ്ങനെയുള്ള ഫീസോടുകൂടി നൽകേണ്ടതാണ്.

32. <u>ചെറിയ അപര്യാപ്തകൾക്കുള്ള ശിക്ഷ.</u>—ഏതെങ്കിലും രോഗിയുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കും പെട്ടെന്നുള്ള ഏതെങ്കിലും അപകടം സംഭവിക്കാൻ സാദ്ധ്യതയില്ലാത്തതും ന്യായമായ ഒരു സമയത്തിനകം പരിഹരിക്കുവാൻ കഴിയുന്നതുമായ അപര്യാപ്തതകൾ ഉണ്ടാകുന്നവിധം ഈ ആക്റ്റിലെയോ അതിൻ കീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെയോ ഏതെങ്കിലും വ്യവസ്ഥ ലംഘിക്കുന്ന ഏതൊരാളും പതിനായിരം രൂപവരെയാകാവുന്ന പിഴശിക്ഷയ്ക്ക് വിധേയനായിരിക്കുന്നതാണ്.

33. <u>കമ്പനികളാലുള്ള ലംഘനം.</u>—(1) ഈ ആക്റ്റിൻ കീഴിലുള്ള ഒരു ലംഘനം നടത്തുന്നത് ഒരു കമ്പനിയായിരിക്കുന്ന സംഗതിയിൽ, അങ്ങനെയുള്ള ലംഘനം നടത്തിയ സമയത്ത് കമ്പനിയുടെ ബിസിനസ് നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ് വഹിച്ചിരുന്നതും കമ്പനിയോട് ഉത്തരവാദപ്പെട്ടിരിക്കുകയും ചെയ്ത ഏതൊരാളും ആ കമ്പനിയും ആ ലംഘനം ചെയ്തതായി കരുതപ്പെടുന്നതും അതിനനുസരിച്ച് നടപടിയെടുത്ത് ശിക്ഷിക്കപ്പെടുന്നതിന് വിധേയനോ വിധേയമോ ആയിരിക്കുന്നതുമാണ്:

എന്നാൽ, ലംഘനം നടത്തിയിട്ടുള്ളത് തന്റെ അറിവോട് കൂടിയല്ലെന്നോ അഥവാ അങ്ങനെയുള്ള ലംഘനമുണ്ടാകുന്നത് തടയുന്നതിനായി താൻ എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുകയാണെങ്കിൽ ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ അങ്ങനെയുള്ള ഒരാളെയും യാതൊരു ശിക്ഷയ്ക്കും വിധേയനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെയോ ഏതെങ്കിലും വ്യവസ്ഥയുടെ ഒരു ലംഘനം ഒരു കമ്പനി നടത്തിയിരിക്കുകയും കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ അഥവാ അശ്രദ്ധമൂലമോ ആണ് ആ ലംഘനം നടന്നിട്ടുള്ളത് എന്ന് തെളിയുന്നപക്ഷം അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥനോ കൂടി ആ ലംഘനം ചെയ്തതായി കരുതപ്പെടേണ്ടതും പിഴശിക്ഷയ്ക്ക് വിധേയനായിരിക്കുന്നതുമാണ്.

<u>വിശദീകരണം:</u>—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(എ) "കമ്പനി" എന്നാൽ ഒരു ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ ഒരു സഹകരണ സംഘമോ വ്യക്തികളുടെ മറ്റു സമാജമോ ഉൾപ്പെടുന്നതുമാകുന്നു;

(ബി) "ഡയറക്ടർ" എന്നാൽ ഒരു ഫേമിനെ സംബന്ധിച്ചിടത്തോളം ആ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നു.

34. <u>സർക്കാർ വകുപ്പുകൾ ചെയ്യുന്ന കുറ്റങ്ങൾ.</u>—ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും ക്ലിനിക്കൽ സ്ഥാപനം ചെയ്തിട്ടുള്ള സംഗതിയിൽ ആ ക്ലിനിക്കൽ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥൻ ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടേണ്ടതും അതിനനുസരിച്ച് നടപടിയെടുത്ത് ശിക്ഷിക്കപ്പെടുന്നതിന് വിധേയമായിരിക്കുന്നതുമാണ്:

എന്നാൽ, കുറ്റം ചെയ്തത് അയാളുടെ അറിവ് കൂടാതെയാണെന്നോ അങ്ങനെയുള്ള കുറ്റം ചെയ്യുന്നത് തടയുവാൻ താൻ എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുകയാണെങ്കിൽ, ഈ വകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും തന്നെ അങ്ങനെയുള്ള ഉദ്യോഗസ്ഥനെ യാതൊരു ശിക്ഷയ്ക്കും വിധേയനാക്കുന്നതല്ല.

## അദ്ധ്യായം VI

## ധനകാര്യവും കണക്കുകളും

35. ഫീസും ഫൈനുകളും പിഴകളും പ്രത്യേക കണക്കുകളിൽ വരവ് വയ്ക്കണമെന്ന്.— കൗൺസിലും അതോറിറ്റിയും ഫീസും ഫൈനുകളും പിഴകളുമായി വസൂലാക്കുന്ന തുക, സർക്കാർ ഉത്തരവുവഴി ഇതിലേയ്ക്കായി വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള പ്രത്യേകം കണക്കിൽ വരവ് വയ്ക്കേണ്ടതും ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി ഉപയോഗിക്കേണ്ടതുമാണ്.

## അദ്ധ്യായം VII

## അപ്പീലുകളും, റിവിഷനും പരാതി പരിഹാരവും

36. അപ്പീലുകൾ.—(1) സർക്കാർ, വിജ്ഞാപനം വഴി, അതോറിറ്റിയുടെ തീരുമാനത്തിനെതിരെ അപ്പീലുകൾ സ്വീകരിക്കുന്നതിനും തീരുമാനമെടുക്കുന്നതിനുമായി താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു അപ്പലേറ്റ് അതോറിറ്റി രൂപീകരിക്കേണ്ടതാണ്, അതായത്:—

(എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി, (എക്സ് -ഒഫിഷ്യോ)- ചെയർ പേഴ്സൺ

(ബി) അഡീഷണൽ നിയമ സെക്രട്ടറി, നിയമവകുപ്പ് (എക്സ്-ഒഫിഷ്യോ)- അംഗം

(സി) ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് (എക്സ്-ഒഫിഷ്യോ)- അംഗം

(2) ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നത് അല്ലെങ്കിൽ പുതുക്കുന്നത് നിരസിച്ചുകൊണ്ടും ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കികൊണ്ടോ അല്ലെങ്കിൽ പരിഷ്കരിച്ചുകൊണ്ടും ഉള്ളതോ 29-ാം വകുപ്പ് (1)-ാം ഉപവകുപ്പിനും, 30-ാം വകുപ്പ് (1)-ാം ഉപവകുപ്പിനും, 31-ാം വകുപ്പ് (1)-ാം ഉപവകുപ്പിനും, 32-ാം വകുപ്പിനും കീഴിൽ ഉള്ളതോ ആയ അതോറിറ്റിയുടെ ഒരു ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും, അങ്ങനെയുള്ള തീരുമാനത്തിന്റെ തീയതി മുതൽ നാല്പത്തിയഞ്ചു ദിവസത്തിനകം, അപ്പലേറ്റ് അതോറിറ്റി മുമ്പാകെ ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള എല്ലാ അപ്പീലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള ഫീസോടുകൂടിയും ബോധിപ്പിക്കേണ്ടതാണ്.

(4) (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ അപ്പീലും അപ്പീൽ നൽകിയ തീയതി മുതൽ അറുപത് ദിവസങ്ങൾക്കകം, അപ്പീൽ വാദിക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനുശേഷം, അപ്പലേറ്റ് അതോറിറ്റി തീർപ്പാക്കേണ്ടതാണ്.

37. റിവിഷൻ.—അതോറിറ്റിയുടെ ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ഹൈക്കോടതി മുമ്പാകെ റിവിഷൻ ബോധിപ്പിക്കാവുന്നതാണ്.

38. പരാതി പരിഹാരം.—ഏതെങ്കിലും ക്ലിനിക്കൽ സ്ഥാപനം ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയോ വ്യവസ്ഥകളുടെ ലംഘനം നടത്തുന്നത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും പരാതികൾ സ്വീകരിക്കുന്നതിനായി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ, കൗൺസിൽ ഒരു പരാതി പരിഹാര സംവിധാനം ഉണ്ടാക്കേണ്ടതാണ്.

## അദ്ധ്യായം VIII

## ക്ലിനിക്കൽ സ്ഥാപനങ്ങളുടെ പരിശോധന

39. പരിശോധന.—(1) കൗൺസിലിനോ അതോറിറ്റിയ്ക്കോ അവർ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ ഏതെങ്കിലും ക്ലിനിക്കൽ സ്ഥാപനം അതിന്റെ കെട്ടിടം ലബോറട്ടറികൾ രോഗനിർണ്ണയ സൗകര്യങ്ങൾ ഉപകരണങ്ങൾ കൂടാതെ ക്ലിനിക്കൽ സ്ഥാപനം നടത്തിയതോ ചെയ്തതോ ആയ പ്രവർത്തികൾ എന്നിവ സംബന്ധിച്ച് ആ ക്ലിനിക്കൽ സ്ഥാപനത്തിന് നോട്ടീസ് നൽകിക്കൊണ്ടും ആ സ്ഥാപനത്തെ അവിടെ പ്രതിനിധാനം ചെയ്യുന്നതിനുള്ള അവകാശം നൽകിക്കൊണ്ടും അവർ നിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള ആളോ ആളുകളോ മുഖേന ഏതെങ്കിലും നിലവാരമോ രജിസ്ട്രേഷന്റെ ഉപാധികളോ സംബന്ധിച്ച് ഒരു പരിശോധന നടത്തിക്കുന്നതിനോ അന്വേഷണം നടത്തിയ്ക്കുന്നതിനോ അവകാശമുണ്ടായിരിക്കുന്നതാണ്.

(2) ഏതെങ്കിലും പരിസരം പരിശോധന നടത്തുന്ന ഏതെങ്കിലും ഉദ്യോഗസ്ഥനോ അസ്സസ്സറോ അയാളുടെ കണ്ടെത്തലുകൾ ഉൾപ്പെടെയുള്ള ഒരു റിപ്പോർട്ട്, പരിശോധന അവസാനിച്ച് നാൽപ്പത്തിയെട്ട് മണിക്കൂറുകൾക്കകം, അതതുസംഗതിപോലെ, കൗൺസിലിനോ അതോറിറ്റിക്കോ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. അധിക വിവരങ്ങൾ ആരായുന്നപക്ഷം, നാൽപ്പത്തിയെട്ട് മണിക്കൂറുകൾക്കകം അയാൾ ഒരു പ്രഥമ റിപ്പോർട്ട് സമർപ്പിക്കേണ്ടതും അങ്ങനെയുള്ള വിവരങ്ങൾ അയാൾക്ക് ലഭ്യമാക്കിയ ശേഷമുള്ള നാൽപ്പത്തിയെട്ട് മണിക്കൂറുകൾക്കകം അന്തിമ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

(3) ആശുപത്രികളുടെ അസ്സസ്മെന്റ് നടത്തുന്നതിന് യോഗ്യതയുള്ള ആളുകളെ സംബന്ധിച്ച് കൗൺസിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്.

(4) പരിശോധനയുടെയോ അന്വേഷണത്തിന്റെയോ ഫലത്തെ സംബന്ധിച്ചിട്ടുള്ള കൗൺസിലിന്റെയോ അതോറിറ്റിയുടെയോ അഭിപ്രായങ്ങൾ, അതതു സംഗതിപോലെ, കൗൺസിലോ അതോറിറ്റിയോ ക്ലിനിക്കൽ സ്ഥാപനത്തെ അറിയിക്കേണ്ടതും അതിന്മേലുള്ള ക്ലിനിക്കൽ സ്ഥാപനത്തിന്റെ അഭിപ്രായം തിട്ടപ്പെടുത്തിയ ശേഷം എടുക്കേണ്ട നടപടി സംബന്ധിച്ച് ആ സ്ഥാപനത്തിന് നിർദ്ദേശം നൽകാവുന്നതുമാണ്.

(5) പരിശോധനയുടെയോ അന്വേഷണത്തിന്റെയോ ഫലങ്ങളിൻമേൽ എടുക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതോ എടുത്തതോ ആയ നടപടി, ക്ലിനിക്കൽ സ്ഥാപനം, അതതുസംഗതിപോലെ കൗൺസിലിനോ അതോറിറ്റിക്കോ റിപ്പോർട്ട് ചെയ്യേണ്ടതും അങ്ങനെയുള്ള റിപ്പോർട്ട് കൗൺസിലോ അതോറിറ്റിയോ നിർദ്ദേശിച്ചേയ്ക്കാവുന്ന സമയത്തിനകം നൽകേണ്ടതുമാണ്.

(6) കൗൺസിലിനോ അതോറിറ്റിയ്ക്കോ, തൃപ്തികരമായ നടപടി ക്ലിനിക്കൽ സ്ഥാപനം എടുക്കാതിരിക്കുന്നസംഗതിയിൽ, അതതുസംഗതിപോലെ, കൗൺസിലോ അതോറിറ്റിയോ, ന്യായമായ ഒരു സമയത്തിനകം ക്ലിനിക്കൽ സ്ഥാപനം നൽകിയ ഏതെങ്കിലും വിശദീകരണമോ സമർപ്പിച്ച നിവേദനമോ പരിഗണിച്ചശേഷം, കൗൺസിലിന് അല്ലെങ്കിൽ അതോറിറ്റിക്ക് അതിന് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതും അങ്ങനെയുള്ള നിർദ്ദേശങ്ങൾ ക്ലിനിക്കൽ സ്ഥാപനം പാലിക്കേണ്ടതുമാണ്.

(7) മുൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച ഒരു ന്യൂനത പരിഹരിക്കപ്പെട്ടുവെന്ന ക്ലിനിക്കൽ സ്ഥാപനത്തിന്റെ അവകാശവാദം പരിശോധിക്കുന്നതിനല്ലാതെ ആദ്യ പരിശോധനയുടെ തീയതി മുതൽ മൂന്ന് മാസത്തിനകം അങ്ങനെയുള്ള യാതൊരു പരിശോധനയും നടത്താൻ പാടില്ലാത്തതും ഒരു വർഷത്തിനുള്ളിൽ രണ്ടിൽ കൂടുതൽ പരിശോധനകൾ നടത്താൻ പാടില്ലാത്തതുമാകുന്നു.

40. <u>പ്രവേശിക്കുന്നതിനും പരിശോധിക്കുന്നതിനുമുള്ള അധികാരം.</u>— രജിസ്ട്രേഷനില്ലാതെ ഒരു ക്ലിനിക്കൽ സ്ഥാപനം ആരെങ്കിലും നടത്തി വരുന്നതായി സംശയിക്കുന്നതിനുള്ള എന്തെങ്കിലും കാരണമുണ്ടെങ്കിൽ, കൗൺസിലിനോ അതോറിറ്റിക്കോ അത് അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, ന്യായമായ ഏത് സമയത്തും അവിടെ പ്രവേശിക്കാവുന്നതും പരിശോധന നടത്താവുന്നതും, പരിശോധനയ്ക്കോ അന്വേഷണത്തിനോ ആവശ്യമായ ന്യായമായ സൗകര്യങ്ങൾ ക്ലിനിക്കൽ സ്ഥാപനം നൽകേണ്ടതും അവിടെ പ്രതിനിധാനം ചെയ്യപ്പെടുന്നതിന് അതിന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

## <u>അദ്ധ്യായം IX</u>

## പലവക

41. <u>രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും മറ്റ് വിവരവും ക്ലിനിക്കൽ സ്ഥാപനം പ്രദർശിപ്പിക്കണമെന്ന്.</u>—(1) ഓരോ ക്ലിനിക്കൽ സ്ഥാപനവും ആ ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥലത്ത് അതിന്റെ താത്കാലികമോ സ്ഥിരമോ ആയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രദർശിപ്പിക്കേണ്ടതാണ്.

(2) ഓരോ ക്ലിനിക്കൽ സ്ഥാപനവും, അവിടെ നൽകിവരുന്ന ഓരോ തരത്തിലുമുള്ള സേവനങ്ങൾക്കും ലഭ്യമായ സൗകര്യങ്ങൾക്കും ഈടാക്കുന്ന ഫീസ് നിരക്കും പാക്കേജ് നിരക്കും രോഗികളുടെ അറിവിലേക്കായി ആ ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥലത്ത് മലയാളത്തിലും അതുപോലെ ഇംഗ്ലീഷിലും പ്രദർശിപ്പിക്കേണ്ടതാണ്.

(3) സംസ്ഥാനത്തെ എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും പ്രത്യേക നടപടി ക്രമങ്ങൾക്കായുള്ള പാക്കേജ് പ്രദർശിപ്പിക്കേണ്ടതാണ്.

(4) യാതൊരു ക്ലിനിക്കൽ സ്ഥാപനവും പ്രദർശിപ്പിച്ചിട്ടുള്ളതിനെക്കാൾ കൂടുതൽ ഫീസോ പാക്കേജ് നിരക്കോ ഈടാക്കാൻ പാടുള്ളതല്ല.

42. മെഡിക്കൽ രേഖകൾ സൂക്ഷിച്ചുപോരൽ.—ഓരോ ക്ലിനിക്കൽ സ്ഥാപനവും രോഗികളുടെ രോഗനിർണ്ണയം, പരിശോധനാ ഫലം, നൽകിയ ചികിത്സ, വിടുതൽ സമയത്തുള്ള സ്ഥിതി, രോഗികൾക്ക് നൽകിയ ഉപദേശം എന്നിവ സംബന്ധിച്ചുള്ള മെഡിക്കൽ രേഖകൾ സൂക്ഷിച്ചുപോരേണ്ടതും അവയുടെ പകർപ്പുകൾ രോഗികൾക്കോ അവരുടെ ബന്ധുക്കൾക്കോ ലഭ്യമാക്കേണ്ടതുമാണ്.

43. അതോറിറ്റി വഴി വിവരം പ്രദർശിപ്പിക്കൽ.—(1) താല്കാലികമോ സ്ഥിരമോ ആയ രജിസ്ട്രേഷൻ നൽകി മുപ്പത് ദിവസങ്ങൾക്കകം, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ, ക്ലിനിക്കൽ സ്ഥാപനത്തെ സംബന്ധിച്ച വിശദ വിവരങ്ങൾ പ്രസിദ്ധീകരിക്കുവാൻ അതോറിറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

(2) താൽക്കാലികമോ സ്ഥിരമോ ആയ രജിസ്ട്രേഷൻ കാലാവധി തീർന്നതോ റദ്ദാക്കിയതോ അല്ലെങ്കിൽ പ്രവർത്തനം നിലച്ചതോ ആയ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ പേരുകൾ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് കൗൺസിലിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുവാൻ അതോറിറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

44. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം.—(1) ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്ക് അനുസൃതമായി ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ യാതൊരു കാര്യവും സംബന്ധിച്ച് ഏതെങ്കിലും അംഗത്തിനോ ജീവനക്കാരനോ അല്ലെങ്കിൽ അതോറിറ്റിയോ കൗൺസിലോ അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്റ്റിലെയോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളിലെയോ വ്യവസ്ഥകൾക്ക് അനുസൃതമായി ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും പ്രവൃത്തിമൂലം ഉണ്ടായതോ ഉണ്ടാകാൻ ഇടയുള്ളതോ ആയ ഏതെങ്കിലും നഷ്ടമോ നാശനഷ്ടമോ സംബന്ധിച്ച് അതോറിറ്റിയ്ക്കോ കൗൺസിലിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

45. പിഴ ഈടാക്കൽ.—ഈ ആക്റ്റിൻ കീഴിൽ ചുമത്തിയതും എന്നാൽ ഒടുക്കാതിരിക്കുന്നതുമായ പിഴകൾ ഭൂമിയിന്മേലുള്ള നികുതി കുടിശ്ശിക എന്ന പോലെ ഈടാക്കേണ്ടതാണ്.

46. നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അധികാരം.—ഈ ആക്റ്റിലെ മുൻപറഞ്ഞ വ്യവസ്ഥകൾക്ക് ഭംഗം വരാതെ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും റിട്ടേണുകളും, സ്ഥിതിവിവരകണക്കുകളും പൊതുജനാരോഗ്യത്തേയും ആരോഗ്യ പരിപാലനത്തേയും സംബന്ധിച്ച മറ്റ് വിവരങ്ങളും ആവശ്യപ്പെടുന്നതിനും സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

47. അതോറിറ്റിയുടെയും കൗൺസിലിന്റെയും ജീവനക്കാർ പബ്ളിക് സെർവന്റുമാരായിരിക്കുമെന്ന്.—കൗൺസിലിന്റെയും അതോറിറ്റിയുടെയും ഓരോ ജീവനക്കാരനും ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി പ്രവർത്തിക്കുമ്പോഴോ പ്രവർത്തിക്കുന്നതായി കരുതപ്പെടുമ്പോഴോ 1860-ലെ ഇന്ത്യൻ ശിക്ഷാനിയമ സംഹിതയുടെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥ വ്യാപ്തിയിൽ വരുന്ന പബ്ളിക് സെർവന്റുമാരായി കണക്കാക്കപ്പെടുന്നതാണ്.

48. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—അതോറിറ്റിയോ കൗൺസിലോ അവർ ചുമതലപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിലോ തീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ നിർണ്ണയിക്കേണ്ടതോ പുറപ്പെടുവിക്കേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം ഒത്തുതീർപ്പാക്കുന്നതിനോ, തീരുമാനിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ ഏതെങ്കിലും കാര്യം നിർണ്ണയിക്കുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും ഉത്തരവിൽ ഇടപെടുന്നതിനോ യാതൊരു സിവിൽ കോടതിയ്ക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

49. അത്യാഹിതത്തിൽപ്പെട്ടവരുടെ ചികിത്സ.—(1) രോഗിയുടെ ജീവൻ രക്ഷിക്കുന്നതിനും മറ്റേതെങ്കിലും ആശുപത്രികളിൽ രോഗിയെ സുരക്ഷിതമായി എത്തിക്കുന്നതിനും ആവശ്യമായി വരുന്ന വിധത്തിലുള്ളതും സ്ഥാപനത്തിൽ ലഭ്യമായ ജീവനക്കാരെയും സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് നൽകാൻ കഴിയുന്നതുമായ അങ്ങനെയുള്ള മെഡിക്കൽ പരിശോധനയും ചികിത്സയും ക്ലിനിക്കൽ സ്ഥാപനം നല്കേണ്ടതാണ്.

(2) ഓരോ വിഭാഗത്തിലുമുള്ള ക്ലിനിക്കൽ സ്ഥാപനവും നൽകേണ്ടുന്ന ജീവൻ രക്ഷാ സേവനങ്ങൾ കൗൺസിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്.

50. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവ് വഴി, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് അത് കരുതുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന് രണ്ട് വർഷത്തിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഈ വകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഓരോ ഉത്തരവും അത് പുറപ്പെടുവിച്ച ശേഷം, കഴിയുന്നത്രവേഗം, നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

51. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന്, വിജ്ഞാപനം വഴി, ഈ ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(എ) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡപ്രകാരം പരിശോധനയ്ക്കും വിലയിരുത്തലിനുമായി അസ്സസ്സർമാരുടെ പാനലിനെ നിയമിക്കുന്ന രീതി;

(ബി) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഇ) ഖണ്ഡപ്രകാരം ആനുകാലിക പരിശോധന നടത്തുന്ന രീതി;

(സി) 5-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന സബ് കമ്മിറ്റികളുടെ കാലാവധി;

(ഡി) നിർവ്വാഹക സമിതിയുടെ അധികാരങ്ങളും ചുമതലകളും, 9-ാം വകുപ്പുപ്രകാരം നിർവ്വാഹക സമിതി അവർ നടത്തേണ്ട പ്രവർത്തനങ്ങളുടെ രീതി;

(ഇ) 12-ാം വകുപ്പ് പ്രകാരം ഒരു യോഗത്തിനുള്ള ക്വാറവും കൗൺസിലിന്റെ യോഗങ്ങളിലെ ബിസിനസ്സ് നടത്തിപ്പിന്റെ നടപടിക്രമവും;

(എഫ്) 14-ാം വകുപ്പ് പ്രകാരം കൗൺസിലിന്റെ അനൗദ്യോഗിക അംഗങ്ങൾക്ക് നൽകേണ്ടതായ ബത്തകൾ;

(ജി) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സ്റ്റേറ്റ് രജിസ്റ്ററിന്റെ ഫാറവും വിശദാംശങ്ങളും;

(എച്ച്) 17-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം അതോറിറ്റിയുടെ അധികാരങ്ങൾ കൺവീനർ വിനിയോഗിക്കേണ്ട രീതി;

(ഐ) 17-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (ഇ) ഖണ്ഡപ്രകാരം അതോറിറ്റി നിർവ്വഹിക്കേണ്ട മറ്റ് ചുമതലകൾ;

(ജെ) 18-ാം വകുപ്പ് (ബി) ഖണ്ഡപ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങളിലെ മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാർക്ക് വേണ്ടതായ ഏറ്റവും കുറഞ്ഞ യോഗ്യതകൾ;

(കെ) 18-ാം വകുപ്പ് (സി) ഖണ്ഡപ്രകാരം ഉറപ്പ് നൽകുന്നതിനുള്ള ഫാറം;

(എൽ) 18-ാം വകുപ്പ് (എഫ്) ഖണ്ഡപ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുവേണ്ടിയുള്ള മറ്റേതെങ്കിലും ഉപാധികൾ;

(എം) 19-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം താത്കാലിക രജിസ്ട്രേഷനുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾ, സ്ഥിരം രജിസ്ട്രേഷനുള്ള ഏറ്റവും കുറഞ്ഞ നിലവാരം ആർജ്ജിക്കുന്നതിനുള്ള കാലയളവ്;

(എൻ) 19-ാം വകുപ്പ് (5)-ാം ഉപവകുപ്പ് പ്രകാരം ഈ ആക്റ്റിന്റെ പ്രാരംഭത്തിനുശേഷം നിലവിൽ വന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾ സ്ഥിരം രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കേണ്ട കാലയളവ്;

(ഒ) 20-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം താത്കാലിക രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷാ ഫാറവും ഫീസും;

(പി) 21-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരമുള്ള താല്ക്കാലിക രജിസ്ട്രേഷന്റെ സാധുത അവസാനിച്ചുകഴിഞ്ഞ ശേഷം അത് ദീർഘിപ്പിക്കുന്നതിനുള്ള ഫീസ്;

(ക്യു) 22-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സ്ഥിരം രജിസ്ട്രേഷനു വേണ്ടി അപേക്ഷിക്കുന്നതിനുള്ള ഫാറവും രീതിയും, ഫീസും;

(ആർ) 22-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ പ്രസിദ്ധീകരിക്കുന്ന രീതി;

(എസ്) 22-ാം വകുപ്പ് (6)-ാം ഉപവകുപ്പ് പ്രകാരം നൽകുന്ന സ്ഥിര രജിസ്ട്രേഷന്റെ ഫാറവും വിശദാംശങ്ങളും;

(റ്റി) 22-ാം വകുപ്പ് (11)-ാം ഉപവകുപ്പ് പ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങളുടെ പരിശോധനാ ഫലങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട രീതി;

(യു) 22-ാം വകുപ്പ് (14)-ാം ഉപവകുപ്പ് പ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങളുടെ താത്കാലികമോ സ്ഥിരമോ ആയ രജിസ്ട്രേഷൻ റദ്ദാക്കുന്ന രീതി;

(വി) 23-ാം വകുപ്പ് പ്രകാരം സ്ഥിരം രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസ്;

(ഡബ്ല്യു) 24-ാം വകുപ്പ് പ്രകാരം വിനിർദ്ദേശിക്കപ്പെട്ട തീയതി കഴിഞ്ഞ ശേഷം സ്ഥിരം രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള വർദ്ധിപ്പിച്ച ഫീസ്;

(എക്സ്) 25-ാം വകുപ്പ് പ്രകാരം താത്കാലികമോ സ്ഥിരമോ ആയ രജിസ്ട്രേഷനു വേണ്ടിയുള്ള അപേക്ഷ ലഭിച്ചതിനുള്ള കൈപ്പറ്റ് രസീതിന്റെ മാതൃക;

(വൈ) 26-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം താത്കാലികം അല്ലെങ്കിൽ സ്ഥിരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഫാറവും വിശദാംശങ്ങളും;

(ഇസഡ്) 30-ാം വകുപ്പ് (2)-ാം ഉപവകുപ്പും 31-ാം വകുപ്പ് (3)-ാം ഉപവകുപ്പും പ്രകാരം ഈ ആക്റ്റിൻ കീഴിൽ അതോറിറ്റി അന്വേഷണം നടത്തേണ്ട രീതി;

(ഇസഡ് എ) 30-ാം വകുപ്പ് (5)-ാം ഉപവകുപ്പും 31-ാം വകുപ്പ് (8)-ാം ഉപവകുപ്പും 36-ാം വകുപ്പ് (2)-ാം ഉപവകുപ്പും പ്രകാരം ഈ ആക്റ്റിൻ കീഴിൽ അപ്പീൽ ഫയൽ ചെയ്യേണ്ട രീതി;

(ഇസഡ് ബി) 30-ാം വകുപ്പ് (6)-ാം ഉപവകുപ്പും 31-ാം വകുപ്പ്(8)-ാം ഉപവകുപ്പും പ്രകാരം അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള ഫാറവും ഫീസും;

(ഇസഡ് സി) 38-ാം വകുപ്പിൻ കീഴിൽ പരാതി പരിഹാര സംവിധാനം ഉണ്ടാക്കുന്നതിനുള്ള രീതി;

(ഇസഡ് ഡി) 40-ാം വകുപ്പിൻ കീഴിൽ ഒരു ക്ലിനിക്കൽ സ്ഥാപനത്തിൽ പരിശോധന നടത്തേണ്ടതായ രീതി;

(ഇസഡ് ഇ) 43-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അതോറിറ്റി ക്ലിനിക്കൽ സ്ഥാപനത്തിന്റെ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ട രീതി;

(ഇസഡ് എഫ്) നിർണ്ണയിക്കപ്പെടേണ്ടതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റ് ഏതൊരു കാര്യവും.

(3) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ഓരോ ചട്ടവും, അത് ഉണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളന ത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാ നിക്കുന്നതിനുമുമ്പ്, നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അഥവാ യാതൊരു പ്രാബല്യവും ഇല്ലാതായിത്തീരുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേന്ദ്ര സർക്കാർ, 2010-ലെ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് കൊണ്ടുവരികയും ഏതാനും ചില സംസ്ഥാനങ്ങൾ അത് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. രാജ്യത്തെ ക്ലിനിക്കൽ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സൗകര്യങ്ങളുടെയും സേവനങ്ങളുടെയും ഏറ്റവും കുറഞ്ഞ നിലവാരം നിർണ്ണയിച്ചു കൊണ്ട് ആതുര സേവന രംഗത്ത് ഐക്യരൂപ്യം കൊണ്ടുവരുന്നതിന് ലക്ഷ്യമിട്ടാണ് പ്രസ്തുത നിയമം കൊണ്ടുവന്നിരിക്കുന്നത്.

2. കേരളത്തിൽ എഴുപത് ശതമാനത്തിലധികവും ആരോഗ്യ സേവനം ലഭ്യമാക്കുന്നത് സ്വകാര്യമേഖലയിലെ ആശുപത്രികളും, ഡിസ്പെൻസറികളും, ലബോറട്ടറികളുമാണ്. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ കാര്യക്ഷമമായി നിയന്ത്രിക്കുവാൻ സംസ്ഥാനത്ത് ഒരു നിയമവും നിലവിലില്ല. കേരളത്തിലെ സാഹചര്യം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിഭിന്നമായതിനാൽ സംസ്ഥാനത്തിന് മാത്രം ബാധകമായ ഒരു നിയമം ആവശ്യമാണെന്ന് സർക്കാർ കരുതുന്നു. സർക്കാർ, ഇക്കാര്യത്തിൽ ഈ മേഖലയിലെ വിദഗ്ദ്ധന്മാരുമായി കൂടിയാലോചന നടത്തിയശേഷം കേരളത്തിന്റെ സാഹചര്യത്തിന് അനുയോജ്യമായ ഒരു ബിൽ കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചു. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി, ക്ലിനിക്കൽ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സൗകര്യങ്ങളുടെയും സേവനങ്ങളുടെയും ഏറ്റവും കുറഞ്ഞ നിലവാരം നിശ്ചയിക്കേണ്ടതും അവയുടെ രജിസ്ട്രേഷനും, ഫലപ്രദമായ നിയന്ത്രണവും ആവശ്യമാണെന്ന് സർക്കാർ കരുതുന്നു. ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള ഒരു സംവിധാനവും വിഭാവനം ചെയ്യുന്നു. പ്രതിരോധ വകുപ്പിന്റെ കീഴിലല്ലാത്ത എല്ലാ അംഗീകൃത ചികിത്സാ സമ്പ്രദായങ്ങളിലും പെടുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് ഈ ബില്ലിലെ വ്യവസ്ഥകൾ ബാധകമാണ്.

മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും റെഗുലേഷനും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ. ഈ ബില്ലിലെ 3-ാം ഖണ്ഡ പ്രകാരം രൂപീകരിക്കപ്പെടുന്ന സംസ്ഥാന കൗൺസിലിന്റെ മേൽനോട്ടത്തിൽ രജിസ്ട്രേഷൻ നടപടികൾ നടത്താവുന്നതാണ്. സംസ്ഥാന കൗൺസിലിന് ഒരു സെക്രട്ടറി ഉണ്ടായിരിക്കേണ്ടതാണ്. നിർദ്ദിഷ്ട നിയമപ്രകാരമുള്ള രജിസ്ട്രേഷൻ നടപടികൾ, ഏറ്റവും കുറച്ച് തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഓൺലൈനായി നടപ്പാക്കാവുന്നതാണ്. ആരോഗ്യവകുപ്പിലെ നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ചുകൊണ്ട് ക്ലിനിക്കൽ സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും കഴിയുന്നതാണ്. രജിസ്ട്രേഷൻ നടപടികളിൽ നിന്നും വരുമാനം പ്രതീക്ഷിക്കുന്നതിനാൽ ആദ്യ രണ്ട് വർഷത്തേക്ക് അൻപത് ലക്ഷം രൂപയുടെ പ്രാരംഭ ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ആക്റ്റിന്റെ പ്രാരംഭ തീയതി നിശ്ചയിച്ചുകൊണ്ട് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ ബില്ലിലെ 1-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സംസ്ഥാന കൗൺസിൽ എന്ന പേരിൽ ഒരു കൗൺസിൽ രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ ബില്ലിലെ 3-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

3. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സംസ്ഥാന രജിസ്റ്റർ തയ്യാറാക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതിന്റെ രീതി നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ ബില്ലിലെ 4-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം (ബി) ഇനം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

4. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ പരിശോധനയ്ക്കും വിലയിരുത്തലിനുമായി അസ്സസ്സർമാരുടെ പാനൽ നിയമിക്കുന്നതിനുള്ള രീതി നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ ബില്ലിലെ 4-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം (ഡി) ഇനം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

5. ക്ലിനിക്കൽ സ്ഥാപനങ്ങൾ നിലനിർത്തിപ്പോരേണ്ടുന്ന നിലവാരം ഉറപ്പു വരുത്തുന്നതിനായി ആനുകാലിക പരിശോധന നടത്തുന്ന രീതി നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കുവാൻ ബില്ലിലെ 4-ാംഖണ്ഡം (1)-ാം ഉപഖണ്ഡം (ഇ) ഇനം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

6. ഡാറ്റകൾ വിശകലനം ചെയ്യേണ്ടുന്ന രീതി നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ പുറപ്പെടുവിക്കുവാൻ ബില്ലിലെ 4-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം (ജി) ഇനം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

7. നിർവ്വാഹക സമിതിയുടെ അധികാരങ്ങളും ചുമതലകളും നിർണ്ണയിക്കുവാൻ ബില്ലിലെ 9-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

8. കൗൺസിലിന്റെ യോഗങ്ങളുടെ ക്വാറവും ബിസിനസ്സ് നടത്തിപ്പിലെ നടപടി ക്രമവും നിർണ്ണയിക്കുവാൻ ബില്ലിലെ 12-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു

9. കൗൺസിലിലെ അനൗദ്യോഗിക അംഗങ്ങളുടെ ബത്തകൾ നിർണ്ണയിക്കുവാൻ ബില്ലിലെ 14-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

10. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സംസ്ഥാന രജിസ്റ്ററിൽ ഉൾക്കൊള്ളിക്കേണ്ടുന്ന വിവരങ്ങൾ നിർണ്ണയിക്കുവാൻ ബില്ലിലെ 15-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

11. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുവേണ്ടി ഓരോ ജില്ലയിലും ഒരു അതോറിറ്റി രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ ബില്ലിലെ 17-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

12. അതോറിറ്റിയുടെ കൺവീനർ താത്കാലിക രജിസ്ട്രേഷൻ നടത്തേണ്ട ആവശ്യങ്ങൾക്കായി അതോറിറ്റിയുടെ അധികാരങ്ങൾ വിനിയോഗിക്കേണ്ടുന്ന രീതി നിർണ്ണയിക്കുവാൻ ബില്ലിലെ 17-ാം ഖണ്ഡം, (2)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

13. അതോറിറ്റി നിർവ്വഹിക്കേണ്ടുന്ന മറ്റ് ചുമതലകൾ നിർണ്ണയിക്കുവാൻ ബില്ലിലെ 17-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം (ഇ) ഇനം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

14. വിവിധ വിഭാഗം ക്ലിനിക്കൽ സ്ഥാപനത്തിന് ഉണ്ടായിരിക്കേണ്ടുന്ന ഏറ്റവും കുറഞ്ഞ നിലവാരം വിജ്ഞാപനം ചെയ്യുവാൻ ബില്ലിലെ 18-ാം ഖണ്ഡം (എ) ഇനം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

15. മെഡിക്കലും പാരാമെഡിക്കലും ജീവനക്കാരുടെ ഏറ്റവും കുറഞ്ഞ യോഗ്യതകൾ നിർണ്ണയിക്കുവാൻ ബില്ലിലെ 18-ാം ഖണ്ഡം (ബി) ഇനം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

16. കൗൺസിലിന്റെ ഉത്തരവുകൾ പാലിക്കുമെന്ന് ക്ലിനിക്കൽ സ്ഥാപനങ്ങൾ ഉറപ്പ് നൽകേണ്ട ഫാറം നിർണ്ണയിക്കുവാൻ ബില്ലിലെ 18-ാം ഖണ്ഡം (സി) ഇനം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

17. രജിസ്ട്രേഷനുള്ള മറ്റ് വ്യവസ്ഥകൾ നിർണ്ണയിക്കുവാൻ ബില്ലിലെ 18-ാം ഖണ്ഡം (എഫ്) ഇനം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

18. താത്കാലിക രജിസ്ട്രേഷനുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾ സ്ഥിരം രജിസ്ട്രേഷനുവേണ്ടി ഏറ്റവും കുറഞ്ഞ നിലവാരം ആർജ്ജിക്കുന്നതിനുള്ള കാലാവധി നിർണ്ണയിക്കുന്നതിന് ബില്ലിലെ 19-ാം ഖണ്ഡം (4)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

19. സ്ഥിരം രജിസ്ട്രേഷനുവേണ്ടി അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലയളവ് നിർണ്ണയിക്കുവാൻ ബില്ലിലെ 19-ാം ഖണ്ഡം (5)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

20. താത്കാലിക രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കാനുള്ള ഫീസും ഫാറവും നിർണ്ണയിക്കുന്നതിന് ബില്ലിലെ 20-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

21. താത്കാലിക രജിസ്ട്രേഷന്റെ കാലാവധി അവസാനിച്ചതിനുശേഷം താത്കാലിക രജിസ്ട്രേഷൻ ദീർഘിപ്പിക്കുന്നതിനായി ഒടുക്കേണ്ട ഫീസ് നിർണ്ണയിക്കുന്നതിന് ബില്ലിലെ 21-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

22. സ്ഥിരം രജിസ്ട്രേഷനായുള്ള അപേക്ഷയുടെ ഫാറവും രീതിയും ഫീസും നിർണ്ണയിക്കുന്നതിന് ബില്ലിലെ 22-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

23. സ്ഥിരം രജിസ്ട്രേഷനായി അപേക്ഷിക്കുന്ന ക്ലിനിക്കൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള രീതി നിർണ്ണയിക്കുവാൻ ബില്ലിലെ 22-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

24. അതോറിറ്റി നടത്തിയ പരിശോധനാഫലം പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട രീതി നിർണ്ണയിക്കുന്നതിന് ബില്ലിലെ 22-ാം ഖണ്ഡം (11)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

25. താത്കാലികമോ സ്ഥിരമോ ആയ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ രീതി നിർണ്ണയിക്കുവാൻ ബില്ലിലെ 22-ാം ഖണ്ഡം (14)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

26. കാലാവധി അവസാനിക്കുന്നതിന് മുമ്പ് സ്ഥിരം രജിസ്ട്രേഷൻ പുതുക്കുന്നതിന് ഒടുക്കേണ്ടതായ ഫീസ് നിർണ്ണയിക്കുന്നതിന് ബില്ലിലെ 23-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

27. കാലാവധി അവസാനിച്ചതിനുശേഷം സ്ഥിരം രജിസ്ട്രേഷൻ പുതുക്കുന്നതിന് ഒടുക്കേണ്ടതായ വർദ്ധിപ്പിച്ച ഫീസ് നിർണ്ണയിക്കുന്നതിന് ബില്ലിലെ 24-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

28. താത്കാലികമോ സ്ഥിരമോ ആയ രജിസ്ട്രേഷന്റെ അപേക്ഷയുടെ കൈപ്പറ്റ് രസീതിന്റെ ഫാറം നിർണ്ണയിക്കുന്നതിന് ബില്ലിലെ 25-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

29. താത്കാലികമോ സ്ഥിരമോ ആയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തേണ്ടുന്ന വിവരങ്ങളും അതിന്റെ ഫാറവും നിർണ്ണയിക്കുന്നതിന് ബില്ലിലെ 26-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

30. രജിസ്ട്രേഷനില്ലാതെ ക്ലിനിക് നടത്തുന്നവർക്കെതിരെ അതോറിറ്റി നടത്തേണ്ട അന്വേഷണവിചാരണയുടെ രീതി നിർണ്ണയിക്കുന്നതിന് ബില്ലിലെ 30-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

31. അപ്പലേറ്റ് അതോറിറ്റിക്ക് അപ്പീൽ സമർപ്പിക്കുന്നതിനായുള്ള ഫീസും ഫാറവും നിർണ്ണയിക്കുന്നതിന് ബില്ലിലെ 30-ാം ഖണ്ഡം (6)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

32. ഉത്തരവ് അനുസരിക്കാതിരിക്കുകയോ ചുമതല നിർവ്വഹിക്കുന്നതിൽ നിന്നും തടസ്സപ്പെടുത്തുകയോ വിവരങ്ങൾ നൽകാതിരിക്കുകയോ ചെയ്യുന്നവർക്കെതിരെ അതോറിറ്റി അന്വേഷണ വിചാരണ നടത്തേണ്ട രീതി നിർണ്ണയിക്കുന്നതിന് ബില്ലിലെ 31-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

33. അപ്പലേറ്റ് അതോറിറ്റിക്ക് അപ്പീൽ സമർപ്പിക്കുന്നതിനായുള്ള ഫാറവും ഫീസും നിർണ്ണയിക്കുന്നതിന് ബില്ലിലെ 31-ാം ഖണ്ഡം (8)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

34. അതോറിറ്റിയുടെ തീരുമാനത്തിനെതിരെ അപ്പീലുകൾ സ്വീകരിക്കുന്നതിനും തീരുമാനമെടുക്കുന്നതിനുമായി ഒരു അപ്പലേറ്റ് അതോറിറ്റി രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ ബില്ലിലെ 36-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

35. അപ്പലേറ്റ് അതോറിറ്റിക്ക് അപ്പീൽ സമർപ്പിക്കുന്നതിനാലുള്ള ഫീസും ഫാറവും നിർണ്ണയിക്കുന്നതിന് ബില്ലിലെ 36-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

36. പൊതുജനങ്ങളിൽ നിന്നും പരാതി സ്വീകരിക്കുന്നതിനായി കൗൺസിൽ ഒരു പരാതി പരിഹാര സംവിധാനം സ്ഥാപിക്കുന്നതിന്റെ രീതി നിർണ്ണയിക്കുന്നതിന് ബില്ലിലെ 38-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

37. ആശുപത്രികളുടെ അസ്സസ്സ്മെന്റ് നടത്തുന്നതിന് യോഗ്യതയുള്ള ആളുകളുടെ സംബന്ധിച്ച് വിജ്ഞാപനം ചെയ്യുന്നതിന് ബില്ലിലെ 39-ാം ഖണ്ഡം (3)-ാം ഉപഖണ്ഡം കൗൺസിലിനെ അധികാരപ്പെടുത്തുന്നു.

38. ഏതെങ്കിലും ക്ലിനിക്കൽ സ്ഥാപനത്തിൽ കൗൺസിലോ അതോറിറ്റിയോ നടത്തുന്ന പരിശോധനയുടെ രീതി നിർണ്ണയിക്കുന്നതിന് ബില്ലിലെ 40-ാം ഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

39. രജിസ്റ്റർ ചെയ്ത ക്ലിനിക്കൽ സ്ഥാപനങ്ങളെ സംബന്ധിച്ച വിശദ വിവരങ്ങൾ അതോറിറ്റി പ്രസിദ്ധപ്പെടുത്തേണ്ട രീതി നിർണ്ണയിക്കുവാൻ ബില്ലിലെ 43-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

40. ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുമ്പോൾ നേരിടാവുന്ന ഏതെങ്കിലും വൈഷമ്യം നീക്കം ചെയ്യുന്ന ആവശ്യത്തിലേക്ക് ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത വ്യവസ്ഥകൾ ഉണ്ടാക്കിക്കൊണ്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ബില്ലിലെ 50-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

41. ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി, വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ബില്ലിലെ 51-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു.

42. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ ഉത്തരവുകളോ വിജ്ഞാപനങ്ങളോ പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയതും ആകുന്നു. കൂടാതെ, അപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങളും പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

കെ. കെ. ശൈലജ ടീച്ചർ.

## ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ

2-ാം ഖണ്ഡം.—ഈ ആക്റ്റിലെ ചില വാക്കുകളും പദപ്രയോഗങ്ങളും നിർവ്വചിക്കുവാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

3-ാം ഖണ്ഡം.—വിജ്ഞാപനംവഴി ഒരു സംസ്ഥാന കൗൺസിൽ സ്ഥാപിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

4-ാം ഖണ്ഡം.—കൗൺസിലിന്റെ ചുമതലകൾ വ്യക്തമാക്കുവാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

5-ാം ഖണ്ഡം.—കൗൺസിലിന്റെ സെക്രട്ടറിയായി ഡെപ്യൂട്ടി ഡയറക്ടറുടെ പദവിയിൽ കുറയാത്ത ആഫീസറെ നിയമിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിനും കൗൺസിലിന് സർക്കാരിന്റെ അനുമതിയോടെ മറ്റ് ജീവനക്കാരെ നിയമിക്കുന്നതിനും ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

6-ാംഖണ്ഡം.—കൗൺസിലിന്, ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനാവശ്യമായ സാങ്കേതിക സഹായമോ ഉപദേശമോ തേടുന്നതിന് ഏതെങ്കിലും വ്യക്തിയുമായോ നികായവുമായോ സ്വയം ബന്ധപ്പെടുവാനുള്ള അധികാരം നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

7-ാം ഖണ്ഡം.—ക്ലിനിക്കൽ സ്ഥാപനത്തിന് വേണ്ടുന്ന നിലവാരവും അവയുടെ തരംതിരിവും മറ്റ് ഏതെങ്കിലും കാര്യത്തിലും മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശം നൽകുന്നതിന് കൗൺസിൽ, കൂടിയാലോചനാപരമായും സുതാര്യവുമായ പ്രക്രിയ പിൻതുടരേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു.

8-ാം ഖണ്ഡം.—കൗൺസിലിന്റെ നിർവ്വാഹക സമിതി രൂപീകരണം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

9-ാം ഖണ്ഡം.—നിർവ്വാഹക സമിതിയുടെ അധികാരങ്ങളും ചുമതലകളും വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

10-ാംഖണ്ഡം.—കൗൺസിലിന്റെ അംഗമായി നിയമിക്കപ്പെടുന്നതിനുള്ള അയോഗ്യതകൾ വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

11-ാം ഖണ്ഡം.—ഒഴിവോ കൗൺസിലിന്റെ രൂപീകരണത്തിലെ പിഴവോ കാരണത്താൽ മാത്രം കൗൺസിലിന്റെ പ്രവർത്തിയോ നടപടിക്രമമോ അസാധുവാക്കുന്നില്ലായെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

12-ാം ഖണ്ഡം.—കൗൺസിലിന്റെ യോഗങ്ങളിലെ ക്വാറവും ബിസിനസ്സ് നടത്തിപ്പിലെ നടപടിക്രമവും നിർണ്ണയിക്കപ്പെട്ട പ്രകാരമാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

13-ാം ഖണ്ഡം.—കൗൺസിലിന്റെ അംഗങ്ങളുടെ ഉദ്യോഗ കാലാവധി വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

14-ാംഖണ്ഡം.—കൗൺസിലിലെ അനൗദ്യോഗിക അംഗങ്ങൾക്ക് നിർണ്ണയിക്കപ്പെടാവുന്ന ബത്തകൾക്ക് അവകാശമുണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

15-ാം ഖണ്ഡം.—ക്ലിനിക്കൽ സ്ഥാപനങ്ങൾ രജിസ്റ്ററുകൾ തയ്യാറാക്കുകയും വച്ചു പോരുകയും പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

16-ാം ഖണ്ഡം.—വിവിധ വിഭാഗങ്ങളിൽപ്പെട്ട സ്ഥാപനങ്ങൾക്ക് വ്യത്യസ്തമായ മാനദണ്ഡങ്ങൾ നിർണ്ണയിക്കപ്പെടാവുന്നതും അങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകണമെന്നും വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

17-ാം ഖണ്ഡം.—ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുവേണ്ടി ജില്ലാ തലത്തിൽ അതോറിറ്റികൾ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

18-ാം ഖണ്ഡം.—രജിസ്ട്രേഷനുവേണ്ടി ഓരോ ക്ലിനിക്കൽ സ്ഥാപനവും പാലിച്ചിരിക്കേണ്ട കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

19-ാം ഖണ്ഡം.—കേരളത്തിലെ എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

20-ാം ഖണ്ഡം .—ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ പ്രവർത്തിക്കുന്ന എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും താത്കാലിക രജിസ്ട്രേഷനുവേണ്ടി അപേക്ഷ നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

21-ാം ഖണ്ഡം.—താത്കാലിക രജിസ്ട്രേഷന്റെ നിയമ സാധുത സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

22-ാം ഖണ്ഡം.—ക്ലിനിക്കൽ സ്ഥാപനം സ്ഥിരം രജിസ്ട്രേഷനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് എപ്രകാരമാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

23-ാം ഖണ്ഡം.—സ്ഥിരം രജിസ്ട്രേഷന്റെ സാധുത സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

24-ാം ഖണ്ഡം.—സ്ഥിരം രജിസ്ട്രേഷൻ പുതുക്കുന്നതിനായി അപേക്ഷ സമർപ്പിക്കേണ്ട രീതി വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

25-ാം ഖണ്ഡം.—അപേക്ഷ ലഭിച്ചതായുള്ള കൈപ്പറ്റ് രസീത് നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

26-ാം ഖണ്ഡം.—രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നല്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

27-ാം ഖണ്ഡം.—താത്ക്കാലികവും സ്ഥിരവും ആയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈമാറ്റം ചെയ്യാൻ പാടുള്ളതല്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

28-ാം ഖണ്ഡം.—കൗൺസിലിന്, ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഏതു സമയത്തും ഏതെല്ലാം കാരണത്താൽ റദ്ദാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

29-ാം ഖണ്ഡം.—ആക്റ്റിലെ വ്യവസ്ഥകളുടെ ലംഘനത്തിനുള്ള പിഴശിക്ഷ വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

30-ാം ഖണ്ഡം.—രജിസ്റ്റർ ചെയ്യാതിരുന്നാലുള്ള ശിക്ഷ വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

31-ാം ഖണ്ഡം.—ഉത്തരവ് അനുസരിക്കാതിരിക്കുകയോ തടസ്സപ്പെടുത്തുകയോ വിവരം നൽകാതിരിക്കുകയോ ചെയ്യുന്നപക്ഷം ശിക്ഷ ചുമത്തുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

32-ാം ഖണ്ഡം.—ചെറിയ അപര്യാപ്തതകൾക്ക് ശിക്ഷ നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

33-ാം ഖണ്ഡം.—കമ്പനികൾ ചെയ്യുന്ന ലംഘനങ്ങൾ സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

34-ാം ഖണ്ഡം.—സർക്കാരിന്റെ നിയന്ത്രണത്തിനുള്ള ഏതെങ്കിലും ക്ലിനിക്കൽ സ്ഥാപനം ആക്റ്റിന് കീഴിൽ കുറ്റം ചെയ്താൽ ആ ക്ലിനിക്കൽ സ്ഥാപനത്തിന്റെ ഉത്തരവാദിത്തമുള്ള ആഫീസർ ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടുമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

35-ാം ഖണ്ഡം.—കൗൺസിലും അതോറിറ്റിയും ഫീസും ഫൈനുകളും പിഴകളും ആയി ശേഖരിക്കുന്ന തുക ഇതിലേക്കായി വിനിർദ്ദേശിച്ചേക്കാവുന്ന പ്രത്യേക അക്കൗണ്ടുകളിലേക്ക് ഒടുക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

36-ാം ഖണ്ഡം.—വിജ്ഞാപനം വഴി, അപ്പലേറ്റ് അതോറിറ്റി രൂപീകരിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

37-ാം ഖണ്ഡം.—റിവിഷൻ ബോധിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

38-ാം ഖണ്ഡം.—പൊതുജനങ്ങളിൽ നിന്നും പരാതി സ്വീകരിക്കുന്നതിനായി കൗൺസിൽ ഒരു പരാതി പരിഹാര സംവിധാനം ഉണ്ടാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

39-ാം ഖണ്ഡം.—കൗൺസിലിനും അതോറിറ്റിക്കും ക്ലിനിക്കൽ സ്ഥാപനങ്ങളിലും മറ്റും പരിശോധന നടത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

40-ാം ഖണ്ഡം.—ക്ലിനിക്കൽ സ്ഥാപനങ്ങളിൽ കൗൺസിലിനും അതോറിറ്റിക്കും ഏതെങ്കിലും ഉദ്യോഗസ്ഥനും പ്രവേശിക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

41-ാം ഖണ്ഡം.—രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും മറ്റ് വിവരവും ക്ലിനിക്കൽ സ്ഥാപനം പ്രദർശിപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

42-ാം ഖണ്ഡം.—ക്ലിനിക്കൽ സ്ഥാപനങ്ങൾ രോഗികളുടെ രോഗനിർണ്ണയം, പരിശോധനാ ഫലം, നൽകിയ ചികിത്സ, വിടുതൽ സമയത്തുള്ള സ്ഥിതിയും രോഗികൾക്ക് നൽകിയ ഉപദേശവും സംബന്ധിച്ചുള്ള മെഡിക്കൽ രേഖകൾ വച്ചുപോരേണ്ടതും അതിന്റെ പകർപ്പ് രോഗികൾക്കോ അവരുടെ ബന്ധുക്കൾക്കോ ലഭ്യമാക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നതിനായി ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

43-ാം ഖണ്ഡം.—അതോറിറ്റി ക്ലിനിക്കൽ സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ പ്രസിദ്ധീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിനായി ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

44-ാം ഖണ്ഡം.—അതോറിറ്റിയിലെ ഏതെങ്കിലും അംഗമോ ആഫീസറോ അതോറിറ്റിയോ കൗൺസിലോ അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ജീവനക്കാരനോ ഉത്തമ വിശ്വാസത്തിൽ ചെയ്തിട്ടുള്ള പ്രവൃത്തികൾക്ക് സംരക്ഷണം നൽകുന്നതിനായി വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

45-ാം ഖണ്ഡം.—ഈ ആക്റ്റിൻ കീഴിൽ ചുമത്തിയതും എന്നാൽ ഒടുക്കാതിരിക്കുന്നതുമായ പിഴകൾ ഭൂമിയിന്മേലുള്ള നികുതി കുടിശ്ശിക എന്നപോലെ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുവാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

46-ാം ഖണ്ഡം.—ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് സർക്കാരിനുള്ള അധികാരം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

47-ാം ഖണ്ഡം.—കൗൺസിലിന്റെയും അതോറിറ്റിയുടെയും ഓരോ ജീവനക്കാരനും 1860-ലെ ഇന്ത്യൻ ശിക്ഷാ നിയമസംഹിതയിലെ 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽ വരുന്ന പബ്ലിക് സെർവെന്റായി കരുതപ്പെടുമെന്ന് വ്യവസ്ഥ ചെയ്യാൻ ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

48-ാം ഖണ്ഡം.—ആക്റ്റ് പ്രകാരം കൗൺസിലോ അതോറിറ്റിയോ മറ്റേതൊരു ആഫീസറോ ചെയ്യേണ്ട പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നതിനോ ഉത്തരവിൽ ഇടപെടുന്നതിനോ സിവിൽ കോടതിക്ക് അധികാരമുണ്ടാവില്ലെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

49-ാം ഖണ്ഡം.—ക്ലിനിക്കൽ സ്ഥാപനം രോഗികളുടെ ജീവൻ രക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കുകയും അതിനായി ജീവനക്കാരെ നല്കുകയും ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

50-ാം ഖണ്ഡം.—ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാത്തവിധം ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രഭാവം നൽകുന്നതിൽ നേരിടാവുന്ന വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ആവശ്യമായ വ്യവസ്ഥകൾ ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ് മുഖേന ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ വ്യവസ്ഥ ചെയ്യുന്നതിന് ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

51-ാം ഖണ്ഡം.—ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നതിനായി ഈ ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.